# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-എം3-214/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/06/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൽപ്പറ്റ മുനിസിപ്പാലിറ്റി

സർ,

വിഷയം : കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,2-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ്,കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-എം3-214/2022 തീയ്യതി: 01/06/2022

## വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി എസ് വസന്ത | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 24-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ ഷാജു തോമസ്,ഓഡിറ്റ് ഓഫീസർ
2)ശ്രീ കെ.എം.നവാസ്,അസി.ഓഡിറ്റ് ഓഫീസർ
3)ശ്രീമതി ഇന്ദു കെ.നായർ, സിനിയർ ഗ്രേഡ് ഓഡിറ്റർ
4)ശ്രീമതി റ്റിജി വർഗ്ഗീസ്,ഓഡിറ്റർ
5)ശ്രീ വിപിൻ ചന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനിത ജഗദീഷ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| കെ ജി രവീന്ദ്രൻ | സെക്രട്ടറി | 01-04-2019 | 18-09-2019 |
| ദേവദാസ് പി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-09-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുൾ നാസർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2019 | 31-05-2019 |
| അനിൽ കുമാർ എ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2019 | 15-07-2019 |
| ബിജു വി ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 16-07-2019 | 31-03-2020 |
| ബാബുരാജ് എം എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ജംഷീദ് സി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അഖിൽ പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സജീവൻ പി റ്റി | പ്രിൻസിപ്പൽ | 01-04-2019 | 31-03-2020 |
| ബാവ എം സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രദീപ് കുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 05-02-2020 |
| ഡോ.ജയകൃഷ്ണൻ | സീനിയർ വെറ്റിനറി സർജൻ | 06-02-2020 | 31-03-2020 |
| ഡോ.അശ്വതി മാധവൻ | സൂപ്രണ്ട് ജനറൽ ആശുപത്രി | 01-04-2019 | 08-07-2019 |
| ഡോ.ശ്രീകുമാർ | സൂപ്രണ്ട് ജനറൽ ആശുപത്രി | 09-07-2019 | 31-03-2020 |
| അയ്യപ്പൻ | ഐ ഇ ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-04-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Shaju Thomas (Audit Officer, On 07-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന .<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Shaju Thomas (Audit Officer, On 07-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: K.M.Navaz (Asst. Audit Officer, On 08-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം.<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 30-04-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-11 |
| 12 | വിവിധ പദ്ധതി ചെലവുകൾക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച തുക സുലേഖയയിൽ ചെലവ് കാണിച്ചിട്ടില്ല<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-11-1 |
| 13 | ലൈബ്രറി സെസ്സ് ഇനത്തിൽ 19,43,723/-രൂപ അടവാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-11-2 |
| 14 | വാർഷിക കണക്കും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-11-3 |
| 15 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ കൗൺസിലിന്റെയോ അംഗീകാരമില്ലാതെ തൊഴിൽ നികുതി ഡിമാന്റിൽ കുറവ് വരുത്തി.<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-11-4 |
| 16 | വരവിനങ്ങളിലുള്ള കുടിശ്ശിക വർദ്ധിക്കുന്നു<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-11-5 |

| | | |
|---|---|---|
| 17 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത- നഗരസഭയ്ക്ക് നഷ്ടം<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Shaju Thomas (Audit Officer, On 27-04-2022) | 1-12 |
| 18 | നഗരസഭയുടെ വിവിധയിടങ്ങളിൽ നിന്ന് ശേഖരിച്ചതും പിടിച്ചെടുത്തതുമായ മണൽ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-13 |
| 19 | നഗരത്തിലെ തിരക്കേറിയ സൂപ്പർമാർക്കറ്റുകളുടെ പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-14 |
| 20 | വാടക/ലേലം ഇനങ്ങളിലെ മുഴുവൻ തുകയും ഈടാക്കിയിട്ടില്ല<br>Written By: Vipinchandran.M.T (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-15 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Vipinchandran.M.T (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-16 |
| 22 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-17 |
| 23 | സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-18 |
| 24 | നഗരസഭാ കംഫർട്ട് സ്റ്റേഷൻ പിരിവിന് വേണ്ടി അച്ചടിച്ച ടോക്കൺ/കൗണ്ടർ ഫോയിൽ സ്റ്റോക്കിലെടുക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.<br>Written By: Vipinchandran.M.T (Auditor, On 08-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-19 |
| 25 | ആംബുലൻസ് യാത്ര ചെലവ് പിരിച്ചെടുത്ത തുക നഗരസഭയിൽ ഒടുക്കിയിട്ടില്ല.<br>Written By: Vipinchandran.M.T (Auditor, On 08-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-20 |
| 26 | ലൈഫ് ഭവന പദ്ധതി ജനറൽ ഫേസ് 1 – 26വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-21 |
| 27 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം ഫേസ് 1 –43 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-22 |
| 28 | PMAY ഭവനം വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-23 |
| 29 | ലൈഫ് ഭവന പദ്ധതി- പട്ടികജാതി വിഭാഗം 2വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-24 |
| 30 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ -പദ്ധതി നടത്തിപ്പ് അപാകത<br>Written By: K.M.Navaz (Asst. Audit Officer, On 26-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-25 |

| | | |
|---|---|---|
| 31 | കിഡ്നി ഡയാലിസിസ് കിറ്റ് വിതരണം - രേഖകൾ ഹാജരാക്കിയില്ല 160320/- രൂപയുടെ ചെല് തടസ്സത്തിൽ വെക്കുന്നു.<br>Written By: Indu K Nair (Senior Grade Auditor, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-26 |
| 32 | മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമായില്ല 19,22,132 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Indu K Nair (Senior Grade Auditor, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-27 |
| 33 | പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-28 |
| 34 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കിയില്ല 123375/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Indu K Nair (Senior Grade Auditor, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-29 |
| 35 | ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ നിരതദ്രവ്യം കെട്ടിവച്ചതിന് തെളിവില്ല<br>Written By: Shaju Thomas (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 1-30 |
| 36 | നഗര നവീകരണ പ്രവൃത്തി അപാകതകൾ , ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Shaju Thomas (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-31 |
| 37 | മരാമത്ത് പ്രവൃത്തി എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല.<br>Written By: Shaju Thomas (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-32 |
| 38 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 07-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 1-33 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത- നഗരസഭയ്ക്ക് നഷ്ടം.<br>Written By: Tiji Varghese (Auditor, On 25-01-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 2-1 |
| 2 | വാടക/ലേലം ഇനങ്ങളിലെ മുഴുവൻ തുകയും ഈടാക്കിയിട്ടില്ല<br>Written By: Shaju Thomas (Audit Officer, On 10-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 2-2 |
| 3 | സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു- നഷ്ടം 96250/-<br>Written By: Shaju Thomas (Audit Officer, On 10-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 2-3 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-02-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 06-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 04-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 06-02-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 28-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 21/02/2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 30/03/20 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.ബജറ്റ് തയ്യാറാക്കിയതിലും ബജറ്റ് സംബന്ധമായ ഫയൽ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് :-

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും യഥാർത്ഥ വരവ് ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയബജറ്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 4,66,44,000 | 2,76,41,012 | 14,12,64,683 |
| വരവ് | 85,46,48,000 | 33,46,34,473 | 21,14,48,870 |
| ആകെ | 90,12,92,000 | 36,22,75,485 | 35,27,13,553 |
| ചെലവ് | 89,57,61,000 | 35,67,42,905 | 28,50,70,027 |
| നീക്കിബാക്കി | 55,31,000 | 55,32,580 | 6,76,43,526 |

2)ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല :-

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 285 പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കൽപ്പറ്റ നഗരസഭ വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിലോ, കരട് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിലോ പാലിച്ച നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിലോ ശ്രദ്ധിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായുള്ളരേഖകൾസൂക്ഷിച്ചിട്ടില്ല |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുമ്പ് | സമർപ്പിച്ചിട്ടില്ല.സെക്രട്ടറി തയ്യാറാക്കിയ പദ്ധതിയേതര നിർദ്ദേശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | ചർച്ചചെയ്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ |

| | | |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | | നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | കരട് ബജറ്റ് പാസാക്കിയിട്ടില്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | വിളിച്ച് ചേർത്തിട്ടില്ല |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 27-02-2109നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്ത്അംഗീകരിച്ചു. |

3) ബജറ്റ് അവതരണവുമായി ബന്ധപ്പെട്ടരേഖകൾ ഫയൽ ചെയ്തു സൂക്ഷിച്ചിട്ടില്ല :-

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

4)പുതുക്കിയ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവഴിച്ചു :-

കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 290(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും നഗരസഭയോ നഗരസഭയ്ക്കു വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.വകുപ്പ് 293(5) അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ നഗരസഭാ കൗൺസിൽ അംഗീകരിക്കേണ്ടതാണ്. എന്നാൽ കൽപ്പറ്റ നഗരസഭ 2019-20 വർഷത്തെ പുതുക്കിയ ബജറ്റിലെ ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് ഹെഡ് | അക്കൗണ്ട് | പുതുക്കിയബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2102002 | മറ്റ് അലവൻസുകൾ | 8,400 | 33,900 | 25,500 |
| 2102003 | ജനപ്രതിനിധികളുടെ പ്രതിമാസ വേതനവും | 29,74,839 | 32,31,989 | 2,57,150 |

| | | | | |
|---|---|---|---|---|
| | ഹാജർബത്തയും | | | |
| 2201201 | ടെലിഫോൺ ചാർജ്ജ് | 93,352 | 99,919 | 6,567 |
| 2202001 | പുസ്തകങ്ങൾ ആനുകാലികങ്ങൾ | 8,750 | 17,030 | 8,280 |
| 2202101 | പ്രിന്റിംഗ്& സ്റ്റേഷനറി | 4,93,172 | 5,74,592 | 81,420 |
| 2208099 | പലവക ഭരണ ചെലവുകൾ | 12,90,144 | 14,00,819 | 1,10,675 |
| 2301001 | വൈദ്യുത ചാർജ്ജ് | 2,79,019 | 2,89,795 | 10,776 |
| 2301002 | ഡീസൽ പെട്രോൾ ഗ്യാസ് | 6,70,447 | 7,58,201 | 87,754 |
| 2304001 | വാഹന വാടക ചാർജ്ജുകൾ | 3,05,700 | 3,43,650 | 37,950 |
| 2305301 | വാഹനങ്ങളുടെ അറ്റകുറ്റ പണികൾ | 2,51,729 | 2,56,782 | 5,053 |

5)ബജറ്റിൽ തുക വകയിരുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു-

| | | |
|---|---|---|
| 2407001 | ബാങ്ക് ചാർജ്ജ് | 7,172 |
| 2501001 | ഇലക്ഷൻ ചെലവുകൾ | 37,800 |
| 2502001 | ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്കുള്ള ചെലവുകൾ | 96,45,845 |
| 2303001 | മെഡിസിൻ | 1,500 |
| 2301001 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് | 12,82,401 |
| 2102004 | യൂണിഫോം | 25,18,44 |
| 2201003 | നികുതി | 2,930 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.എല്ലാ ഘടകസ്ഥാപനമേധാവികളിൽ നിന്നും പദ്ധതിയേതരചെലവ് സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും, അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി.നം. 24/19-20,തീയതി 22.01.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 30-7-2020 | ഇല്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14,12,64,684 |
| വരവ് | 21,14,48,869 |
| ആകെ | 35,27,13,553 |
| ചെലവ് | 28,50,70,027 |
| നീക്കിയിരിപ്പ് | 6,76,43,526 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 35157039 | 35157039 | 21827829 | 11339210 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 10091000 | 10091000 | 7468034 | 2622966 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 16390334 | 16390334 | 7197571 | 9192763 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 16673000 | 16673000 | 9713819 | 6959181 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 10473000 | 10473000 | 4405506 | 6067794 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 59571000 | 59571000 | 20544551 | 39026449 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5272591 | 14710040 | 19982631 | 51588226 | 14823805 |

മേൽ കണക്കുകളിൽ CFC,MG(R),GPF എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 25,06,80,931 | 115 | 69105288 | 0 | 216 | 34.74 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| പട്ടിക ജാതി വികസന ഓഫീസർ | 6 | 5 | 8640080 | 1795086 | 20.78 |
| കൃഷി ഓഫീസർ | 5 | 1 | 1600001 | 215560 | 13.47 |
| ടി.ഇ.ഒ | 4 | 3 | 6350000 | 1187790 | 18.71 |
| സെക്രട്ടറി, നഗരസഭ | 43 | 19 | 73795356 | 22312710 | 30.24 |
| വെറ്റിനറി സർജൻ | 10 | 6 | 8640080 | 1795086 | 20.78 |
| അസിഎഞ്ചിനീയർ | 238 | 63 | 139740547 | 32660433 | 23.37 |
| ICDS സൂപ്പർ വൈസർ | 1 | 1 | 4700000 | 2500000 | 53.19 |
| പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 7 | 4 | 3300000 | 2546352 | 32.02 |
| സൂപ്രണ്ട്, ജനറൽ ആശുപത്രി | 16 | 13 | 8298847 | 4368957 | 52.65 |
| ഇൻഡസ്ട്രീസ് വികസന ഓഫീസർ | 1 | 0 | 800000 | 0 | 0 |
| ആകെ | 331 | 115 | | | |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 2614821 | 7618845 | 10233666 | 10010553 | 223113 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | Nil |
| കർഷകതൊഴിലാളി പെൻഷൻ | 1141200 | 51 |
| വിധവാപെൻഷൻ | 7105800 | 239 |
| വാർദ്ധക്യകാലപെൻഷൻ | 9075900 | 192 |
| വികലാംഗപെൻഷൻ | 1623800 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30000 | 1 |

**മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.**

## 1-8 ക്യാഷ് ബാലൻസ് പരിശോധന .

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .

17-1-2022 തീയ്യതിയിൽ 3.00 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 113992/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ഡി) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യം, നികുതി, അക്കൌണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2019-20 വർഷത്തിൽ പിരിഞ്ഞു കിട്ടേണ്ടതായ നികുതികൾ പിരിച്ചെടുക്കേണ്ടതിനെക്കുറിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ തുടർനടപടികൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവിനനുസരിച്ചുള്ള നികുതിയേതര വരുമാനം വർദ്ധനവ് വരുത്തിയിട്ടില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാന വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഇതനുസരിച്ച് കൽപ്പറ്റ നഗരസഭയിൽ ഫീസിനങ്ങളിൽ വർദ്ധനവ് വരുത്തുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ഇ)പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്,സ്പെഷൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൗകര്യം, കെട്ടിടനിർമാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു 13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കൃഷി,മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, പ്രാദേശിക സാമ്പത്തിക വികസനം, പൊതുമരാമത്ത് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ യഥാവിധി ചുമതലകൾ നിർവഹിച്ചിട്ടില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പ് യഥാവിധി യോഗം ചേരുകയോ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (എഫ്)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി, വനിത വികസനം, പട്ടികജാതി/പട്ടികവർഗ വികസനം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.2019-20 സാമ്പത്തീക വർഷം 2 തവണ മാത്രമേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളൂ. പല അങ്കണവാടികളും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നവെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഈ വിവരങ്ങൾ ചർച്ചചെയ്യ്തിട്ടില്ല. ഓരോ മേഖലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻപ് ആ മേഖലയിലെ ആവശ്യകതകൾ അവലോകനം ചെയ്യേണ്ടതാണെങ്കിലും അത് പാലിച്ചിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ജി)പ്രകാരം ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യം, ശുചീകരണം, അപകടവും അസഹ്യതയും ഉണ്ടാക്കുന്ന വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.എന്നാൽ ബന്ധപ്പെട്ട മേഖലയിലെ ആവശ്യകതകൾ അവലോകനം ചെയ്യ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (എച്ച്)പ്രകാരം പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുമരാമത്ത്,പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജലവിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു. എന്നാൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയങ്ങൾ ചർച്ച ചെയ്യ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിലും ഡാറ്റ ശേഖരിച്ച്, പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിലും സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശ്രദ്ധിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി യോഗം ചേർന്നിട്ടില്ല.

സ.ഉ (സാധാ)നം. 540/2019/തസ്വഭവ തീ.6.3.2019 ൽ നഗരസഭകളുടെ വസ്തുനികുതി പരിഷ്കരണം 2019 സെപ്റ്റംബർ മാസത്തിനകം പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നഗരസഭ രൂപീകരിച്ച് 8 വർഷം കഴിഞ്ഞിട്ടും നാളിതുവരെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാകാത്തതിനാൽ നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ വൻ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

കൃത്യമായ മേൽനോട്ടക്കുറവ് മൂലം നഗരസഭയ്ക്ക് തനതുവരുമാനത്തിൽ വർഷാവർഷങ്ങളിൽ വൻ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.2015 To 18.6.2015 | 2012-13 To 2014-15 | 22.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 To 01.01.2019 | 2016-17 To 2017-18 | 28.01.2019 |

## 1-11 വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 29.07.2020 തിയ്യതിയിലെ 1/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ് വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലെ(നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം.3-1014/19തീയതി: 03/02/2020) അനുബന്ധം-2 ആയി ഉൾപ്പെടുത്തിയ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

2. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

3. സ്ഥിരാസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

4. 2019-20 സാമ്പത്തിക വർഷ വാർഷിക കണക്ക് പരിശോധനയിൽ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ അകൗണ്ട് കോഡ് 431409902(other Receivable) എന്നയിനത്തിൽ 81,75,657/- രൂപ കുടിശ്ശിക കിട്ടാനുള്ളതായി കാണുന്നു. ഈ തുക മുൻവർഷ ബാലൻസ് ഷീറ്റിലും പിരിഞ്ഞു കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. ഈ തുക ഏതിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതാണെന്ന് വിശദീകരിച്ചിട്ടില്ല.

5.ജനറൽ പർപ്പസ് ഗ്രാന്റിന്റെ എ സി ആർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല-

വിവിധ വരവിനങ്ങളിലെ കുടിശ്ശികയിനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ പിരിഞ്ഞു കിട്ടാനുണ്ട് എന്നാൽ ഇവയ്ക്കാധാരമായ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|
| വസ്തുനികുതി | 44,68,795 | 3,43,949 | 48,12,744 |
| തൊഴിൽ നികുതി | 5,73,740 | 6,35,220 | 12,08,960 |
| ലൈസൻസ് ഫീസ് | 2,64,167 | 1,40,969 | 4,05,136 |
| വാടക | 14,95,429 | 1,88,306 | 16,83,735 |
| ആകെ കുടിശ്ശിക | 68,02,131 | 13,08,444 | 81,10,575 |

7. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളായ ഗ്രാന്റ് കോൺട്രിബ്യൂഷൻ ഫോർ സ്പെസഫിക്ക് പർപ്പസ്സ്-സെൻട്രൽ ഗവൺമെന്റ് അദർ ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ്സ് എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പിൽ അവശേഷിക്കുന്ന ഗ്രാൻറ് തുകകളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8. <u>വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല-</u>

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ മേൽ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

9. ബാലൻസ് ഷീറ്റ് ബി 7ഷെഡ്യൂൾ പ്രകാരം 98,70,903/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിബാക്കി ഉണ്ട് ,എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാദ്ധ്യതയായി കാണിച്ചിട്ടില്ല.

11. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 54(5)എച്ച്) പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 53) പ്രകാരം എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്,ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി,സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

13. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)പ്രകാരം നഗരസഭ നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായി ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് | ചെക്ക് നം/തിയ്യതി | തുക |
|---|---|---|
| കേരള ഗ്രാമീൺബാങ്ക് NULM അകൗണ്ട് നം.450420200 | 017024/26.09.19 | 2600 |
| കേരള ഗ്രാമീൺബാങ്ക് NULM അകൗണ്ട് നം.450420200 | 017017/08.07.19 | 500 |

14. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ഈ തുക അതാത് ആസ്തി കളിലേയ്ക്ക് വരവ് വച്ചിട്ടില്ല. Capital Work In Progress കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

15. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 5) പ്രകാരം Day Book,Cash Book എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി /അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

16. ബി18 ഷെഡ്യൂൾ പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും അഡ്വാൻസ് ഇനത്തിൽ കൊടുത്ത തുക ക്രമീകരിക്കാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| അകൗണ്ട് കോഡ് | അകൗണ്ട് ഹെഡ്ഡ് | തുക |
|---|---|---|

| | | |
|---|---|---|
| 460500200 | Advance To Implementing Agencies | 2,40,000 |
| 460500201 | Advance To Implementing Agencies-Muncipal Fund | 13,21,000 |
| 460600100 | Electricity Deposit | 1,48,368 |

തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

17.കേരള ഗ്രാമീൺബാങ്ക് NULM അകൗണ്ടിന്റെ (നം.450420200)റിക്കൺസീലിയേഷൻ പത്രിക പ്രകാരം 79,948/- രൂപ Directly Debited By Bank ഇനത്തിൽ ബാങ്ക് കുറവു വരുത്തിയിട്ടുണ്ട്. ഇങ്ങനെ വരാനുള്ള സാഹചര്യം വിശദീകരിച്ചിട്ടില്ല.

18. തനത് വരുമാനം സൂക്ഷിക്കുന്ന എസ് ബി ഐ അകൗണ്ടിന്റെ(No.450210100) റിക്കൺസീലിയേഷൻ പത്രിക പ്രകാരം വിവിധ വരവിനങ്ങളിലായി ലഭിച്ച 25,40,292/- രൂപയുടെ ചെക്കുകൾ പണമായി മാറാനുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2017 | 36,595/- |
| 2018 | 32,311/- |
| 2019 | 2,63,932/- |
| 2020 | 22,07,454/- |

കേരള മുൻസിപ്പാലിറ്റി ആക്റ്റ് ചട്ടം 20 പ്രകാരം ഏതെങ്കിലും ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ ചെക്ക് നൽകിയ ആളെ ചെക്ക് മടങ്ങിയ വിവരം അറിയിച്ച് ബാങ്ക് ചാർജ്ജ് അടക്കമുള്ള തുക ഈടാക്കേണ്ടതും ,രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും, മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിച്ചിട്ടില്ല.

19.അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഇനങ്ങളുടെ കുടിശ്ശിക ഡി.സി.ബി രജിസ്റ്റർ(വസ്തു നികുതി,വാടക,ബിൽഡിംഗ് പെർമ്മിറ്റ് ഒഴികെ) മറ്റ് വരവുകളുടെ രജിസ്റ്ററുകൾ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

20. മെയിന്റനൻസ് ഫണ്ട് റോഡ് എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

21 പാസ്ബുക്കുകളും അവയുടെ റിക്കൺസിലിയേഷൻ പത്രികകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല:-

അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുണ്ടെങ്കിലും അവയുടെ പാസ്ബുക്കുകളും അവയുടെ റിക്കൺസിലിയേഷൻ പത്രികകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | വാർഷിക ധനകാര്യ പത്രിക പ്രകാരം 31/03/2020 ലെ നീക്കിയിരിപ്പ് |
|---|---|---|
| I) | പോസ്റ്റ് ഓഫീസ് (എസ്.ബി-97912) | ₹ 21,320/- |
| Ii) | ട്രഷറി അക്കൗണ്ട് നമ്പർ.186 | ₹ 8,724/- |
| Iii) | ട്രഷറി അക്കൗണ്ട് | ₹2,09,754/- |

| | | |
|---|---|---|
| | നമ്പർ TPA-50 | . |
| Iv) | ട്രഷറി അക്കൗണ്ട് നമ്പർ TPA -107 | ₹1,00,000/- |
| V) | ട്രഷറി അക്കൗണ്ട് നമ്പർ.108 | ₹40,02,897/- |

അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജകാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(ഓഡിറ്റ് എൻക്വയറി.നം. 05/19-20,തീയതി 12.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11-1 വിവിധ പദ്ധതി ചെലവുകൾക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച തുക സുലേഖയയിൽ ചെലവ് കാണിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിഹിതം അനുവദിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ ചെലവ് വിവരം കാണിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സാംഖ്യ പ്രകാരം | സുലേഖ പ്രകാരം |
|---|---|---|
| മുൻസിപ്പൽ എൻജിനീയർ | 36 30 899 | ഇല്ല |
| സെക്രട്ടറി | 1 61 19 883 | ഇല്ല |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി.നം. 14/19-20,തീയതി 20.01.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11-2 ലൈബ്രറി സെസ്സ് ഇനത്തിൽ 19,43,723/-രൂപ അടവാക്കിയിട്ടില്ല.

കേരള ഗ്രന്ഥശാലാ സംഘം ആക്ട് 1989 വകുപ്പ് 48(1) പ്രകാരം വസ്തു നികുതിയിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കി രണ്ടു ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കേണ്ടതും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും 2% പിഴ ഈടാക്കേണ്ടതാണ്.തുക മൂന്നു മാസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. തുക അടവാക്കാൻ വൈകിയാൽ പിഴയ്ക്ക് സെക്രട്ടറിയും ചെയർപേഴ്സണും ഉത്തരവാദികളാണ്.സർക്കുലർ നമ്പർ 15477/C3/95 ത.സ്വ.ഭ.വ തിയ്യതി 20/05/95 പ്രകാരം 5% ലൈബ്രറി സെസ്സ് ഈടാക്കണമെന്നും,സർക്കുലർ നമ്പർ 17263/L3/00 ത.സ്വ.ഭ.വ തിയ്യതി 29/12/2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതുമാണ്.

01/04/2019 മുതൽ 31/03/21 വരെ ലൈബ്രറി സെസ്സ് ഇനത്തിൽ ആകെ 22,93,723/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഈ തുകയിൽ 3,50,000/- രൂപ മാത്രമേ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടുള്ളൂ.19,43,723/- രൂപ അടവാക്കാനുണ്ട്. 04/08/2021 തിയ്യതിയിൽ ബാക്കി തുകയുടെ ഒടുക്ക് അംഗീകരിക്കുന്നതിനായി വിഷയം കൗൺസിലിലേക്ക് സമർപ്പിക്കുന്നതിന് സെക്രട്ടറി ഉത്തരവിട്ടിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി.നം. 11/19-20,തീയതി 19.01.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.പിഴപ്പലിശ ഒടുക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

### 1-11-3 വാർഷിക കണക്കും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-

A. വാടകയിനത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റും, കളക്ഷനും ,ബാലൻസും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 41,00,000 | 29,33,856 | 14,95,429 | 40,46,577 | 29,29,013 | 11,17,564 |

B. വസ്തുനികുതിയിനത്തിൽ തൻവർഷ ഡിമാന്റും,കളക്ഷനും, ബാലൻസും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 2,08,96,500 | 1,67,50,188 | 44,68,795 | 2,65,96,526 | 1,67,50,188 | 98,46,338 |

### 1-11-4 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ കൗൺസിലിന്റെയോ അംഗീകാരമില്ലാതെ തൊഴിൽ നികുതി ഡിമാന്റിൽ കുറവ് വരുത്തി.

2019-20 വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-18 പ്രകാരം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 12,03,828/- രൂപ എഴുതി തള്ളിയിട്ടുണ്ട്.ഇത് ഏതൊക്കെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയാണെന്നും ഇത്രയും വലിയ തുക എഴുതി തള്ളാനുണ്ടായ സാഹചര്യമെന്താണെന്നും വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (ഓഡിറ്റ് എൻക്വയറി.നം. 07/19-20,തീയതി 13.01.2022) മറുപടിയിൽ വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റ് രേഖപ്പെടുത്തിയതിൽ വന്ന പിഴവ് പരിഹരിച്ചതാണെന്നാണ് അറിയിച്ചത്. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ 12,03,828/- രൂപ എഴുതി തള്ളിയത് ഗൗരവതരമായ അപാകതയാണ്. വിഷയം കൗൺസിലിന്റെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-11-5 വരവിനങ്ങളിലുള്ള കുടിശ്ശിക വർദ്ധിക്കുന്നു

2019-20 സാമ്പത്തീക വർഷ വാർഷിക കണക്ക് പരിശോധനയിൽ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വിവിധ വരവിനങ്ങളിൽ കുടിശ്ശിക വർദ്ധിച്ചുവരുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|
| വസ്തുനികുതി | 44,68,795 | 3,43,949 | 48,12,744 |
| തൊഴിൽ നികുതി | 5,73,740 | 6,35,220 | 12,08,960 |
| ലൈസൻസ് ഫീസ് | 2,64,167 | 1,40,969 | 4,05,136 |
| വാടക | 14,95,429 | 1,88,306 | 16,83,735 |
| ആകെ | 68,02,131 | 13,08,444 | 81,10,575 |

തനത് വരുമാനത്തിൽ തൻ വർഷം 68,02,131/- രൂപയും മുൻ വർഷങ്ങളിൽ 13,08,444/- രൂപയും പിരിച്ചെടുക്കാനുണ്ട്. 431409902(other Receivable) അക്കൗണ്ട് ഹെഡ്ഡിൽ 81,75,657/- രൂപ കുടിശ്ശിക കിട്ടാനുള്ളതായി കാണുന്നു. ഈ തുക മുൻവർഷ അക്കൗണ്ടിലും പിരിഞ്ഞു കിട്ടാനുള്ളതായി കാണുന്നു. ഈ തുക ഏതിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണെന്നും ,കുടിശ്ശിക ഇത്തരത്തിൽ വർദ്ധിക്കാനുള്ള സാഹചര്യമെന്തെന്നും വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി 2020 അവസാനത്തിൽ കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ ലോക്ക് ഡൗൺ കാരണമാണ് കുടിശ്ശിക വർദ്ധിക്കാൻ ഇടയായതെന്ന മറുപടി തൃപ്തികരമല്ല. 431409902(other Receivable) അകൗണ്ട് ഹെഡ്ഡിൽ 81,75,657/- രൂപ മുൻ വർഷം മുതൽ കിട്ടാനുള്ളതായി കാണുന്നു. ഈ തുക ഏതിനത്തിലുള്ള വരവാണെന്ന് വിശദീകരിച്ചിട്ടില്ല. 2020 മാർച്ച് മാസം 23-ാം തിയ്യതിയാണ് ലോക്ഡൗൺ പ്രഖ്യാപനം ഉണ്ടായത് 13,08,444/- രൂപ ഏഴ ദിവസം കൊണ്ട് പിരിച്ചെടുക്കേണ്ടിയിരുന്ന തുകയാണെന്നുള്ളത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള 16,027,072/-രൂപ

പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകത- നഗരസഭയ്ക്ക് നഷ്ടം

കൽപ്പറ്റ നഗരസഭയുടെ 2019-20 സാമ്പത്തീക വർഷത്തെ വസ്തു നികുതി പരിശോധനയിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് വരുത്താത്തത് മൂലവും 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റിന് ചട്ടപ്രകാരമുള്ള വസ്തു നികുതി വർദ്ധനവ് വരുത്താത്തത് മൂലവും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-13 നഗരസഭയുടെ വിവിധയിടങ്ങളിൽ നിന്ന് ശേഖരിച്ചതും പിടിച്ചെടുത്തതുമായ മണൽ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല

2018 ലെ പ്രളയകാലത്ത് നഗരസഭയുടെ വിവിധയിടങ്ങളിൽ അടിഞ്ഞുകൂടിയ 7 ലോഡ് മണൽ ശേഖരിച്ച് നഗരസഭാ യാർഡിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 22/01/2019 തിയ്യതിയിലെ R2.217/2008 നമ്പർ തീരുമാനപ്രകാരം ഈ മണൽ ലേലം ചെയ്ത് വിൽപ്പന നടത്തി മുൻസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടാൻ തീരുമാനിച്ചതിൻ പ്രകാരം 19.01.19, 21.03.19, 19.06.19 തിയ്യതികളിൽ ആർ2-217/08 നം. കത്ത് മുഖേന ജില്ലാ കളക്ടറോട് അനുമതി തേടിയിട്ടുള്ളതാണ്. ജില്ലാ കളക്ടറുടെ 25/06/2019 തിയ്യതിയിലെ L2-2016/30181/12 നമ്പർ മറുപടിയിൽ, 2018 പ്രളയത്തെ തുടർന്ന് നദിയോടടുത്ത പ്രദേശങ്ങളിൽ അടിഞ്ഞു കൂടിയ മണൽ റിവർ മാനേജ്ഫണ്ട് ഉപയോഗിച്ച് ശേഖരിച്ച് സൂക്ഷിക്കുവാനും അവ പ്രളയ ദുരിത ബാധിതർക്ക് വീട് നിർമ്മാണം, റോഡ് പുനർനിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി സർക്കാർ നടപടിക്രമം പാലിച്ച് വിൽപ്പന നടത്തി ടി തുക റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 സെക്ഷൻ 150(a) പ്രകാരം അസംസ്കൃത വസ്തുക്കൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെങ്കിലും ശേഖരിച്ച മണൽ സ്റ്റോക്കിലെടുത്തിട്ടില്ല. 29/09/2018 തിയ്യതിയിലെ സർക്കാർ ഉത്തരവ് സാധാ.നം.3987/2018/റവന്യൂ പ്രകാരം മണൽ ശേഖരിക്കാനുള്ള പണം റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് ചെലവാക്കേണ്ടത്.മണൽ ശേഖരിച്ച് നഗരസഭാ യാർഡിൽ എത്തിക്കാനായി വൗച്ചർ നമ്പർ 51801439/2-2-2019പ്രകാരം 7,000/- രൂപ ചെലവഴിച്ചിരുന്നു. നഗരസഭാ ഫണ്ടിൽ നിന്നും മണൽ ശേഖരിക്കാൻ ചെലവഴിച്ച പണം റിവർ മാനേജ് ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യും, മണൽ സ്റ്റോക്കിലെടുത്ത് , അവ പ്രളയ ദുരിത ബാധിതർക്ക് വീട് നിർമ്മാണം, റോഡ് പുനർനിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി സർക്കാർ നടപടിക്രമം പാലിച്ച് വിൽപ്പന നടത്തി ടി തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ ഒടുക്കിയും, വിവരം അറിയിക്കേണ്ടതാണ്.

## 1-14 നഗരത്തിലെ തിരക്കേറിയ സൂപ്പർമാർക്കറ്റുകളുടെ പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

കൽപ്പറ്റ നഗരസഭയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭാ സെക്രട്ടറി നിയോഗിച്ച ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 20/01/2022 ന് ഉച്ചയ്ക്കുശേഷം 3 മണിക്ക് നടന്ന ഭൗതിക പരിശോധനയിൽ, കൽപ്പറ്റ നഗരസഭയുടെ പുതിയ ബസ് സ്റ്റാൻഡിന് മുൻപിലും പിണങ്ങോട് ജംഗഷനിലും പുതിയതായി ആരംഭിച്ച രണ്ട് വാണിജ്യ സമുച്ചയങ്ങളുടെ പാർക്കിംഗ് സ്ഥലം കെട്ടിയടച്ച് വ്യാപാര ആവശ്യത്തിനായി ഉപയോഗിക്കുന്നതുമൂലം ഈ സ്ഥപനങ്ങളിലേക്ക് വരുന്ന വാഹനങ്ങൾ റോഡിൽ നിർത്തിയിടേണ്ടി വരുന്നതായും ഇതുമൂലം നിരന്തരമായി ഈ പ്രദേശങ്ങളിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും കണ്ടെത്തി. സ്ഥല പരിശോധനയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. കല്പറ്റ-പിണങ്ങോട് റോഡിൽ ശ്രീ.ഷെയ്ക്ക് ഉസ്മാൻ എന്നവരുടെ ഉടമസ്ഥതയിൽ 4 നിലകളിലായി 3627.83 ച.മീ വിസ്തീർണ്ണത്തിൽ പണികഴിപ്പിച്ച കെട്ടിടത്തിന് XI/453A മുതൽ XI/453G വരെ നമ്പർ നൽകിയിട്ടുള്ളതും 28/05/2019 തിയ്യതിയിൽ ഒക്യുപ്പൻസി നൽകിയിട്ടുള്ളതുമാണ്.കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാനിൽ 30 കാറുകൾ നിർത്തിയിടാനുള്ള സ്ഥലം കാണിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിലും തറ നിലയിലുമായി 15 കാർ പാർക്കിംഗുകൾ വീതമായാണ് കാണിച്ചിരിക്കുന്നത്.

എന്നാൽ 1999 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 34പട്ടിക 5.2(8) ന് വിരുദ്ധമായി ബേസ്മെന്റ് ഫ്ലോറിൽ കാണിച്ചിരിക്കുന്ന 12-ാം നമ്പർ കാർ പാർക്കിംഗും അതിനോട് ചേർന്ന 38.52ച മീ വിസ്തീർണ്ണത്തിലുള്ള ഭാഗവും കെട്ടിയടച്ച് ഓഫീസാവശ്യത്തിനായി ഉപയോഗിക്കുന്നതായും പ്ലാനിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് സ്ഥലങ്ങളായ നം.1,2,3,13,14,15,30 എന്നിവ കെട്ടിയടച്ച് ഗോഡൗണായി ഉപയോഗിക്കുന്നതായും തറ നിലയിൽ കാണിച്ചിരിക്കുന്ന 29-ാം നമ്പർ പാർക്കിംഗ് സ്ഥലം നിലവിൽ ബർഗർ കോർണ്ണറായി ഉപയോഗിക്കുന്നതായും കാണ്ടെത്തി. കെട്ടിടത്തിന്റെ ഇടതുഭാഗത്ത് ചട്ടപ്രകാരം ഒഴിച്ചിടേണ്ട സ്ഥലവും കെട്ടിയടച്ച്

ബർഗ്ഗർ കോർണ്ണറായി ഉപയോഗിക്കുകയാണ്. കയറ്റിറക്ക് സ്ഥലം അതിനായി ഒഴിച്ചിട്ടില്ല. കെട്ടിടത്തിനു ചുറ്റും ചട്ട പ്രകാരം ഒഴിച്ചിടേണ്ട സ്ഥലങ്ങൾ കെട്ടിയടച്ച നിലയിലാണുള്ളത്.

2.കോഴിക്കോട്-ബത്തേരി റോഡിൽ കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡിന് മുൻപിലായി ശ്രീ.റസാഖ്.പി എന്നയാളുടെ ഉടമസ്ഥതയിലുള്ള 4 നിലകളിലായി 3701.95ച.മീ വിസ്തീർണ്ണത്തിൽ പണികഴിപ്പിച്ച കെട്ടിടത്തിന് XII/339A മുതൽ XII/339E വരെ നമ്പർ നൽകിയിട്ടുള്ളതും 28/05/19തിയ്യതിയിൽ ഒക്യുപൻസി നൽകിയിട്ടുള്ളതുമാണ്.കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാനിൽ 38കാറുകൾ നിർത്തിയിടാനുള്ള സ്ഥലം കാണിച്ചിട്ടുണ്ട്

കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിൽ 20 കാർ പാർക്കിംഗും കെട്ടിടത്തിന്റെ പുറകിൽ 6 കാർ പാർക്കിംഗും മുൻഭാഗത്ത് 12 കാർ പാർക്കിംഗും പ്ലാനിൽ ഉണ്ട്. ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ പുറകിലായി കാണിച്ച 6 കാർ പാർക്കിംഗിനുള്ള സ്ഥലം പാർക്കിംഗിനായി ഒഴിച്ചിട്ടിട്ടില്ല. 2 സ്ഥലങ്ങളിലായി കാണിച്ചിരിക്കുന്ന പാർക്കിംഗ് യൂണിറ്റുകളിൽ ജനറേറ്റർ സ്ഥാപിച്ച നിലയിലാണ്. ബേസ്മെന്റ് ഫ്ലോറിലെ സ്കൂട്ടർ പാർക്കിംഗ് സ്ഥലം ഗോഡൗണായാണ് ഉപയോഗിക്കുന്നത്. ചട്ട പ്രകാരം കെട്ടിത്തിന്റെ ചുറ്റും ഒഴിച്ചിടുന്നതായി പ്ലാനിൽ കാണിച്ചിരുന്ന സ്ഥലം ഒഴിച്ചിടാതെ അതിരുവരെ കെട്ടിടം പണിതതായിട്ടാണ് കാണുന്നത്, അപാകതകൾ നിലനിൽക്കെ തന്നെ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻ ഭാഗത്ത് റോഡിലേക്ക് തള്ളി യാത്രക്കാർക്കും വാഹനങ്ങൾക്കും ഭീഷണിയായ വിധത്തിൽ ഏകദേശം 6 മീറ്റർ നീളത്തിലും വീതിയിലും സൺഷയ്ഡ് അനധികൃതമായി കെട്ടി ഉണ്ടാക്കിയിട്ടുണ്ട്.ഇതിൽ നിന്നുള്ള വെള്ളം റോഡിൽ പതിക്കുന്ന നിലയിലാണ് നിർമ്മാണം. പ്ലാനിൽ കെട്ടിടത്തിന്റെ പുറകിലായി ലോഡിംഗ്& അൺലോഡിംഗിനായി കാണിച്ചിരിക്കുന്ന 60 ച മീ. സ്ഥലവും ഒഴിച്ചിട്ടിട്ടില്ല.

മുകളിൽ പറഞ്ഞ കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് സ്ഥലങ്ങളും കയറ്റിറക്ക് സ്ഥലവും കെട്ടിടത്തിന് ചുറ്റും ഒഴിച്ചിട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും.1999 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 34,34(6),34(7) എന്നിവയ്ക്ക് വിരുദ്ധമായി പാർക്കിംഗ് സ്ഥലങ്ങളിൽ അനധികൃതമായി നടത്തിയ നിർമ്മാണ പ്രവൃത്തികൾ പൊളിച്ചു കളയേണ്ടതും കെട്ടിട ഉടമ അതിന് തയ്യാറാകുന്നില്ലെങ്കിൽ നിയമത്തിലും ചട്ടത്തിലുമുള്ള വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-15 വാടക/ലേലം ഇനങ്ങളിലെ മുഴുവൻ തുകയും ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള വനിത ഉൽപ്പന്ന വിപണന കേന്ദ്രം,വനിത തൊഴിൽ പരിശീലന കേന്ദ്രം,പഴം പച്ചക്കറി ചന്ത എന്നിവ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിരുന്നു.എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലഭിക്കേണ്ട മുഴുവൻ വാടകയും ലഭിച്ചിട്ടില്ല .വിശദ വിവരങ്ങൾക്ക് ഖണ്ഡിക 2-2 കാണുക.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല :-

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 447, 448, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഡി ആന്റ് ഒ. ട്രേഡ് ആന്റ് ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. നഗരസഭാ പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാനുണ്ടെന്ന് തിട്ടപ്പെടുത്താൻ നഗരസഭയ്ക്കോ പരിശോധിക്കാൻ ഓഡിറ്റിനോ സാധിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2)ലോഡ്ജിങ്ങ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല :-

നഗരസഭയിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന റിസോർട്ട് ,ഹോം സ്റ്റേ,ലോഡ്ജുകൾ എന്നിവയ്ക്ക് 1939 ലെ മദ്രാസ്സ് പബ്ളിക്ക് ഹെൽത്ത് ആക്ട് പ്രകാരം മാസവാടക അനുസരിച്ച് രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 25/2019-20/ 24.01.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

തൊഴിൽനികുതി സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഒട്ടേറെ സ്ഥാപനങ്ങളിൽ നിന്നും 2019-20ൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.സ്ഥാപനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ഐ ടി മിഷൻ | 2 |
| 2 | ശ്രീ ശങ്കര വിദ്യാ മന്ദിരം | 2 |
| 3 | കരുണ ഡയഗ്നോസ്റ്റിക് സെന്റർ | 2 |
| 4 | ലീഡ് ഹെൽത്ത് കെയർ & ലാബ് | 1, 2 |
| 5 | കച്ചേരി മോട്ടോർസ് | 2 |
| 6 | ആദായ നികുതി ഓഫീസ്, കൈനാട്ടി | 2 |
| 7 | ഫീൽഡ് പബ്ളിസിറ്റി ഓഫീസ് | 2 |
| 8 | ജില്ലാ ലൈബ്രറി, കൽപ്പറ്റ | 1, 2 |
| 9 | മാർക്കറ്റ് ഫെഡ് | 2 |
| 10 | ഏഷ്യാ നെറ്റ് ബ്യൂറോ | 2 |
| 11 | ചന്ദ്രഗിരി ഓഡിറ്റോറിയം | 1, 2 |
| 12 | ജനം ടി വി | 1, 2 |

| | | |
|---|---|---|
| 13 | വയനാട് ജില്ലാ ടീച്ചേഴ്സ് സൊസൈറ്റി | 1, 2 |
| 14 | മാധ്യമം ബ്യൂറോ | 2 |
| 15 | ദേശാഭിമാനി ബ്യൂറോ | 1, 2 |
| 16 | ദീപിക ബ്യൂറോ | 2 |
| 17 | കേരള കൗമുദി ബ്യൂറോ | 1, 2 |
| 18 | ഗ്രാന്റ് ഫ്രഷ് സൂപ്പർ മാർക്കറ്റ് | 1, 2 |
| 19 | സപ്ളൈകോ സൂപ്പർ മാർക്കറ്റ് | 1, 2 |
| 20 | കൈരളി ബ്യൂറോ | 1, 2 |
| 21 | റിപ്പോർട്ടർ ടി വി ബ്യൂറോ | 1, 2 |
| 22 | മംഗളം ദിന പത്രം ബ്യൂറോ | 1, 2 |
| 23 | ചന്ദ്രിക ദിന പത്രം ബ്യൂറോ | 1, 2 |
| 24 | സിറാജ് ദിന പത്രം ബ്യൂറോ | 1, 2 |
| 25 | പ്രൊഫഷണൽ കൊറിയർ | 1, 2 |
| 26 | വീക്ഷണം ദിനപത്രം ബ്യൂറോ | 2 |
| 27 | കറന്റ് ബുക്ക്സ് | 2 |
| 28 | ടി പി പോൾ അസോസിയേറ്റ്സ് | 1, 2 |
| 29 | പള്ളിയാൽ ഡെന്റൽ ക്ലിനിക് | 1, 2 |
| 30 | ജൻമ ഭൂമി ദിനപത്രം ബ്യൂറോ | 2 |
| 31 | ബിർള ലൈഫ് ഇൻഷ്വറൻസ് | 2 |
| 32 | വയനാട് ജില്ലാ സീനിയർ സിറ്റിസൺ വെൽഫയർ സൊസൈറ്റി | 1, 2 |
| 33 | ഗീത സ്റ്റോർ | 1, 2 |
| 34 | എച്ച് ഡി എഫ് സി ബാങ്ക് | 2 |
| 35 | എച്ച് 2 ഒ പാക്ക് | 2 |
| 36 | വി കെ സി ഷൂസ് & അലൈഡ് പ്രൊഡക്ഷൻ | 2 (ഒന്നാം അർദ്ധ വർഷം<br>അടവ് - 129160 രൂപ) |
| 37 | വിക്ടറി സോപ്പ് & കോസ്മെറ്റിക്സ് | 2 |
| 38 | വി കെ സി പോളിമേഴ്സ് | 2 (ഒന്നാം അർദ്ധ വർഷം<br>അടവ് - 110660രൂപ) |
| 39 | ടി എൻ ആർ പെട്രോളിയം | 2 |
| 40 | കൽപ്പറ്റ കോ ഓപറേറ്റീവ് അർബൻ സൊസൈറ്റി | 2 |
| 41 | ചെമ്പ്ര റിസോർട്ട് | 2 |

മേൽ സ്ഥാപനങ്ങളിൽ നികുതി ഈടാക്കുന്നതിനായി സെക്രട്ടറി സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചിരുന്നെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ നികുതി അടച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. മേൽ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാർ ഉണ്ട് എന്ന് പരിശോധിച്ച് എല്ലാവരിൽ നിന്നും കുടിശ്ശിക തൊഴിൽ നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ, ചട്ടം 8 പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ

മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടെയോ പേരും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ടും ഓഫീസ് മേധാവിയുടെ പേരും ഉദ്യോഗപ്പേരും നൽകേണ്ടതാണെന്നും എപ്പോഴെല്ലാം ഓഫീസ് മേധാവിക്ക് മാറ്റം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ആ വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്. തൻവർഷം സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല. ₹96250/- രൂപ ഈടാക്കാവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-3കാണുക.ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക തൊഴിൽ നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ലായെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ് .

## 1-19 നഗരസഭാ കംഫർട്ട് സ്റ്റേഷൻ പിരിവിന് വേണ്ടി അച്ചടിച്ച ടോക്കൺ/കൗണ്ടർ ഫോയിൽ സ്റ്റോക്കിലെടുക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12/06/2019 തിയ്യതിയിലെ R2-552/17 നം.തീരുമാന പ്രകാരം ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ ഫീസ് ഈടാക്കുന്നതിനായി ടിക്കറ്റ് പ്രിന്റ് ചെയ്ത വകയിൽ ശക്തി പ്രിന്റേഴ്സ്, കൽപ്പറ്റക്ക് 8800/- രൂപ (വൗച്ചർ നം. 21900403 തീയതി 21.06.2019)അനുവദിച്ചിട്ടുണ്ട് എന്നാൽ ടിക്കറ്റോ കൗണ്ടർ ഫോയിലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഇത് സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല, ആയതിനാൽ പ്രിന്റ് ചെയ്ത കൗണ്ടർഫോയിൽ ഉപയോഗിച്ച് പിരിച്ചെടുത്ത പണം സംബന്ധിച്ച കണക്കുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൗണ്ടർ ഫോയിൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 10/19-20,തീയതി 19.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കംഫർട്ട് സ്റ്റേഷന്റെ പിരിവിന് വേണ്ടി പ്രിന്റ് ചെയ്ത ടോക്കൺ/കൗണ്ടർ ഫോയിലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതായിരിക്കും.

## 1-20 ആംബുലൻസ് യാത്ര ചെലവ് പിരിച്ചെടുത്ത തുക നഗരസഭയിൽ ഒടുക്കിയിട്ടില്ല.

ആംബുലൻസ് ഉപയോഗിച്ച വ്യക്തികളിൽ നിന്നും രസീത് ബുക്ക് മുഖേന പണം പിരിച്ചെടുത്തത് പരിശോധിച്ചതിൽ താഴെ പറയുന്ന തുക കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ നഗരസഭയിൽ അടവാക്കുകയോ ചെയതിട്ടുമില്ല.

| ക്രമ നം | രസീത് ബുക്ക്നമ്പർ | വ്യക്തി / സ്ഥാപനം | തുക |
|---|---|---|---|
| 1 | 946/94586<br>(12.03.2019) | ഐ.ടി.ഡി.പി | 800 |

മേൽ തുക അടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.18/ 19-20 ) ലഭ്യമാക്കിയ മറുപടിയിൽ തുക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.12.03.2019 മുതൽ നാളിതുവരെ പിരിച്ചെടുത്ത തുക കൈവശംവെച്ചതിനാൽ പലിശസഹിതം തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി ജനറൽ ഫേസ് 1 – 26വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വിവിധ സർക്കാർ ഭവനനിർമ്മാണപദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് 2015-16 സാമ്പത്തികവർഷം വരെ സാമ്പത്തികസഹായം ലഭ്യമാക്കിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് 11.10.17 ലെ സ.ഉ.(എം.എസ്)നം.196/17/ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കൽപ്പറ്റ നഗരസഭ മുൻവർഷങ്ങളിൽ വിവിധഭവനനിർമ്മാണപദ്ധതികളിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് വിവിധഗഡുക്കൾ അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി 2017-18 ,2018-19 ,2019-20 വർഷങ്ങളിലായി ലൈഫ് ഒന്നാംഘട്ടം പദ്ധതി നടപ്പാക്കുകയുണ്ടായി.

അതുപ്രകാരം കൽപ്പറ്റ നഗരസഭ 2007-08 മുതൽ 2015-16 വരെയുള്ള വിവിധവർഷങ്ങളിലായി ഇ.എം.എസ് , എന്റെ ഗൃഹം പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച വീടുകളിൽ , പൂർത്തീകരിക്കാതെ പല ഘട്ടങ്ങളിലായി നിലച്ചുപോയ വീടുകളുടെ പൂർത്തീകരണത്തിനായാണ് ലൈഫ് ഒന്നാം ഘട്ടം

പദ്ധതി നടപ്പാക്കിയത്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83ഭവനങ്ങളും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 41 ഭവനങ്ങളും പൊതു വിഭാഗത്തിലെ 159 ഭവനങ്ങളും ഉൾപ്പടെ ആകെ 283 ഭവനങ്ങളുടെ പൂർത്തീകരണമാണ് പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.

ഇതിൽ ജനറൽ ,പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികൾ സെക്രട്ടറിയും പട്ടികജാതിവിഭാഗത്തിലുള്ള വീടുകളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികൾ പട്ടികജാതി വികസന ഓഫീസറുമാണ് നടപ്പാക്കിയത്.

ജനറൽ വിഭാഗത്തിൽ 145 വീടുകൾ എഗ്രിമെന്റ് വെച്ചതിൽ 26 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നു

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | മുൻ ഭവന നിർമ്മാണം | ലൈഫ് എസ്റ്റിമേറ്റ് | ലൈഫിൽ ഇതു വരെ നൽകിയ തുക |
|---|---|---|---|---|
| 1 | ലില്ലി പി ഡി | ഇ.എം.എസ്ഭവനപദ്ധതി | 370000 | 355000 |
| 2 | ഷറീന | ഇ.എം.എസ്ഭവനപദ്ധതി | 370000 | 250000 |
| 3 | അഗസ്റ്റിൻ | ഇ.എം.എസ്ഭവനപദ്ധതി | 370000 | 160000 |
| 4 | കദീജ | ഇ.എം.എസ്ഭവനപദ്ധതി | 370000 | 280000 |
| 5 | വിജയലക്ഷ്മി | ഇ.എം.എസ്ഭവനപദ്ധതി | 360000 | 300000 |
| 6 | ജമീല പി | ഇ.എം.എസ്ഭവനപദ്ധതി | 370000 | 50000 |
| 7 | കദീജ താഹ | ഇ.എം.എസ്ഭവനപദ്ധതി | 370000 | 270000 |
| 8 | ബാബു ആർ പി | ഇ.എം.എസ്ഭവനപദ്ധതി | 330000 | 100000 |
| 9 | പ്രദീപ് ടി | ഇ.എം.എസ്ഭവനപദ്ധതി | 330000 | 160000 |
| 10 | ബഷീർ | ഇ.എം.എസ്ഭവനപദ്ധതി | 330000 | 310000 |
| 11 | വിനോദ് | ഇ.എം.എസ്ഭവനപദ്ധതി | 330000 | 100000 |
| 12 | ജോയി | ഇ.എം.എസ്ഭവനപദ്ധതി | 160000 | 30000 |
| 13 | ബഷീർ | ഇ.എം.എസ്ഭവനപദ്ധതി | 370000 | 320000 |
| 14 | മുത്തു ലക്ഷ്മി | ഇ.എം.എസ്ഭവനപദ്ധതി | 370000 | 300000 |
| 15 | തോമസ് ജോഷി | ഇ.എം.എസ്ഭവനപദ്ധതി | 370000 | 70000 |
| 16 | അലീമ | എന്റെ ഗൃഹം | 360000 | 300000 |
| 17 | നസീമ നാസർ | എന്റെ ഗൃഹം | 160000 | 140000 |
| 18 | തങ്കമണി | എന്റെ ഗൃഹം | 160000 | 130000 |
| 19 | ഷിജി സാനിബാസ് | എന്റെ ഗൃഹം | 160000 | 130000 |
| 20 | സഫൂറ ഹിദായത്തുള്ള | എന്റെ ഗൃഹം | 160000 | 40000 |
| 21 | സംഗീത | എന്റെ ഗൃഹം | 160000 | 90000 |
| 22 | ഷറീന | ഇ.എം.എസ്ഭവനപദ്ധതി | 330000 | 300000 |
| 23 | സന്തോഷ് പി | ഇ.എം.എസ്ഭവനപദ്ധതി | 330000 | 310000 |
| 24 | മനീഷ് ആർ വി | ഇ.എം.എസ്ഭവനപദ്ധതി | 400000 | 50000 |
| 25 | ഫിലോമിന ജയരാജൻ | എന്റെ ഗൃഹം | 160000 | 80000 |
| 26 | അജിത കുമാരി | ഇ.എം.എസ്ഭവനപദ്ധതി | 213000 | 100000 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം

12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ടു പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം ഫേസ് 1 –43 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83 ഭവനങ്ങളാണ് ലൈഫ് ഒന്നാംഘട്ട പദ്ധതിയിൽ പൂർത്തികരിക്കാനുള്ളത്. ഇതിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ 79 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചതിൽ 43 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നു

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ലൈഫ് എസ്റ്റിമേറ്റ് | ലൈഫിൽ ഇതു വരെ നൽകിയ തുക |
|---|---|---|---|
| 1 | ഗിരീഷ് ഓടമ്പം കോളനി | 242566 | 193000 |
| 2 | ശാന്ത മണ്ഡപകുന്ന് | 400100 | 320000 |
| 3 | ഉണ്ണി കോളിമൂല | 280649 | 225000 |
| 4 | ചണ്ണ മുണ്ടേരി പൊയിൽ | 352552 | 200000 |
| 5 | ദേവു ശ്രീനിവാസൻ | 280915 | 224000 |
| 6 | ഗോപി കോളിമൂല | 280649 | 225000 |
| 7 | തങ്കമ്മ എം എൻ | 319891 | 250000 |
| 8 | ചുണ്ട ശങ്കരൻ | 346000 | 275000 |
| 9 | വേണു മാങ്ങവയൽ | 381654 | 200000 |
| 10 | വെള്ളച്ചി മാങ്ങവയൽ | 381000 | 300000 |
| 11 | വെള്ളൻ താളാരം കുന്ന് | 303764 | 240000 |
| 12 | പാലൻ കുനമ്മൽ | 345263 | 200000 |
| 13 | കൊളുമ്പൻ കോവക്കുനി | 346655 | 275000 |
| 14 | ഞേണൻ കോവക്കുനി | 345263 | 200000 |
| 15 | നായ്ക്കൻ താളാരം കുന്ന് | 346655 | 100000 |
| 16 | പൈക്ക താളാരം കുന്ന് | 303764 | 240000 |
| 17 | അമ്മിണി നെട്ടനിലം | 168300 | 134000 |

| | | | |
|---|---|---|---|
| 18 | കറുപ്പൻ താളാരം കുന്ന് | 346655 | 100000 |
| 19 | സുമ വിജയൻ | 401986 | 180000 |
| 20 | കറുത്ത കോളിമൂല | 167140 | 130000 |
| 21 | അമ്മിണി നെടുങ്ങോട് | 266000 | 210000 |
| 22 | ചീര കോളിമൂല | 167140 | 130000 |
| 23 | ഭാസ്കരൻ തുറക്കോട്ട് കുന്ന് | 210000 | 160000 |
| 24 | കെമ്പി പടപുരം | 346655 | 100000 |
| 25 | വെളിച്ചി ഗ്രദ്ധലായ് കുന്ന് | 381000 | 300000 |
| 26 | ശിവൻ റാട്ടകൊല്ലി | 249000 | 195000 |
| 27 | രാജൻ പടപുരം | 175814 | 140000 |
| 28 | ചാപ്പൻ | 346675 | 100000 |
| 29 | അമ്മിണി പടപുരം | 402217 | 80000 |
| 30 | കെമ്പി കോളിമൂല | 346655 | 270000 |
| 31 | റീന പടപുരം | 346655 | 270000 |
| 32 | സിന്ധു ഗ്രാമ ക്കുനി | 349000 | 280000 |
| 33 | ശാന്ത വെള്ളി | 167141 | 139214 |
| 34 | രാധ കരടി മണ്ണ് | 346655 | 320000 |
| 35 | ദേവി കരടി മണ്ണ് | 346655 | 320000 |
| 36 | ബാബു സൂര്യമ്പം കോളനി | 346655 | 275000 |
| 37 | ലക്ഷ്മി ബാലൻ | 415000 | 330000 |
| 38 | ഗോപാലൻ കോവക്കുനി | 312912 | 200000 |
| 39 | തുറുമ്പൻ പൊന്നട | 317300 | 250000 |
| 40 | വിനോദ് പാറവയൽ | 317300 | 320000 |
| 41 | അയ്യപ്പൻ ഓടമ്പംകോളനി | 346655 | 60000 |
| 42 | മോഹനൻ നെടുങ്ങോട് | 369983 | 295000 |
| 43 | ശങ്കരൻ നരിക്കുണ്ട് | 400000 | 320000 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ട പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ട പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 PMAY ഭവനം വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന

നഗരസഭയിൽ 6 ഡി.പി.ആറുകളിലായി 600 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണമാണ് പി.എം.എ.വൈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. 2016-17 വർഷം ആണ് ഭവനനിർമ്മാണം തുടങ്ങിയത്.ഇതിൽ 660 വീടുകൾ എഗ്രിമെന്റ് വെച്ചതിൽ 524 വീടുകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| കരാർ വെച്ചവർ | പണി പൂർത്തിയാക്കിയവർ | പൂർത്തിയാക്കാൻ ബാക്കിയുള്ളവർ |
|---|---|---|
| 660 | 524 | 136 |

പദ്ധതിഫയലുകൾ പരിശോധിച്ചതിൽ രേഖകളുടെ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകൾ വന്നതായി കണ്ടു.

പദ്ധതിസംബന്ധിച്ച വർഷം തിരിച്ച വരവുചെലവുകണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

പി.എം.എ.വൈ സംസ്ഥാന ,കേന്ദ്രവിഹിതങ്ങൾ പഞ്ചാബ് നാഷണൽ ബാങ്കിലെ 4284000400125282 നമ്പർ അക്കൌണ്ടിൽ സൂക്ഷിച്ചാണ് ചെലവ് നടത്തിയിരിക്കുന്നത് .എന്നാൽ ഈ അക്കൌണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രതിമാസറീകൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ചെലവ് വൗച്ചറുകൾ പരിശോധിക്കുവാൻ ബുദ്ധിമുട്ട് നേരിട്ടു.

എഗ്രിമെന്റ് വെച്ചതിൽ മറ്റ് വീടുകൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്.രേഖകൾ കൃത്യമായി തയ്യാറാക്കിസൂക്ഷിക്കേണ്ടതും പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ലൈഫ് ഭവന പദ്ധതി- പട്ടികജാതി വിഭാഗം 2വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി വിഭാഗത്തിൽ 41ഭവനങ്ങളുടെ പൂർത്തീകരണമാണ് ഏറ്റെടുത്തതെങ്കിലും 6 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. എഗ്രിമെന്റ് വെച്ചതിൽ 2 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ലൈഫ് എസ്റ്റിമേറ്റ് | ലൈഫിൽ ഇതു വരെ നൽകിയ തുക |
|---|---|---|---|
| 1 | ഷീബ പി മുണ്ടേരി പൊയിൽ | 400000 | 200000 |
| 2 | മഹേഷ് കുമാർ, മണിയങ്കോട് പൊയിൽ | 400000 | 360000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ടു പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ -പദ്ധതി നടത്തിപ്പ് അപാകത

പ്രോജക്ട് നം 450/2019, 10/2020( ST വിദ്യാർത്ഥികൾക്ക് കുട, ബാഗ്, യൂണിഫോം

അടങ്കൽ 9,00,000(TSP)
ആകെ ചെലവ് 2019-20 444763 രൂപ
ആകെ ചെലവ് 2020-21 553129 രൂപ

ചെലവ് 1) Bill No 3/19-20/18.3.20 191576 രൂപ ( കുട വില)

2)bill No 4/19-20/18.3.20 253193 രൂപ ( ബാഗ് വില)

3)bill No 7/19-20/21.4.20 38202 രൂപ ( ബാഗ് വില)

4)bill No 10/19-20/18.3.20 417029 രൂപ ( യൂണിഫോം വില)

5)bill No /20-21/16.3.21 136100 രൂപ ( യൂണിഫോം വില)

യൂണിഫോം വിലയായി 553129 രൂപ ;ചെലവ് ഉണ്ട്. 25.11.19 ന് ടെണ്ടർ ക്ഷണിച്ചു. യൂണിഫോം വിതരണത്തിനായി വിളിച്ച ടെണ്ടറിൽ ടെണ്ടർ അടങ്കൽ തുക 4,00,000 രൂപയാണ് കാണിച്ചിരിക്കുന്നത്.ടെണ്ടർ ലഭിച്ച ,യൂണിഫോം വിതരണം ചെയ്ത ഏജൻസിയായ മലയോരം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയത് 553129 രൂപയാണ്.ടെണ്ടർ അടങ്കൽ തുകയായ 4,00,000 രൂപ യെക്കാൾ 1,53,129 രൂപ മലയോരം ലേബർകോൺട്രാക്ട് സൊസൈറ്റിക്ക് നൽകി.ആകെ ചെലവ് അടങ്കലിനെക്കാൾ ആയിട്ടുണ്ട്. ഇത്തരം അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-26 കിഡ്നി ഡയാലിസിസ് കിറ്റ് വിതരണം - രേഖകൾ ഹാജരാക്കിയില്ല 160320/- രൂപയുടെ ചെല് തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നമ്പർ- 70/20

പ്രോജക്ട്- കിഡ്നി ഡയാലിസിസ് കിറ്റ് വിതരണം

നിർവഹണം- മെഡിക്കൽ ഓഫീസർ

അടങ്കൽ- ₹11,00,000/- (MG Non Road)

ചെലവ്-₹10,99,992/-

ട്രഷറി ബിൽ 11/19-20/30.12.2019-₹10,99,992/-

2019 – 20 വർഷത്തിൽ നടപ്പാക്കിയ കിഡ്നി ഡയാലിസിസ് കിറ്റ് വിതരണം എന്ന പദ്ധതിക്ക് 11,00,000/- രൂപ ചെലവുണ്ട്. കെ.എം.എസ്.സി.എൽ ൽ നിന്നും കിഡ്നി ഡയാലിസിസ് ചെയ്യുന്നതിനാവശ്യമായ മരുന്നുകൾ ലഭ്യമാക്കി കൽപ്പറ്റ നഗരസഭ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണം ആവശ്യമുള്ള മരുന്ന കിറ്റുകളാക്കി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ബിൽ പ്രകാരമുള്ള തുക കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും മരുന്ന് ലഭ്യമായ ഇൻവോയ്സുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ കൽപ്പറ്റ നഗരസഭ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെയും മരുന്ന് വിതരണം നടത്തിയ രോഗികളുടെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19-20 /20.01.2022) മറുപടിക്ക് മരുന്ന് ലഭിച്ചതിന്റെ ചുവടെ കൊടുത്തിരിക്കുന്ന ഇൻവോയ്സുകളാണ് ഹാജരാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ തീയതി | ഇൻവോയ്സ് തുക |
|---|---|---|
| 1 | 11164/ 20.02.2020 | 321952 |
| 2 | 4678/ 25.06.2020 | 121692 |
| 3 | 806/20.04.2021 | 495122 |
| 4 | 618/ 29.04.2021 | 906 |
| | | 939672 |

അവശേഷിക്കുന്ന ₹160320/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്നും, പദ്ധതി വിഭാവനം ചെയ്ത രീതിയിൽ

നഗരസഭ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണം ആവശ്യമുള്ള മരുന്ന കിറ്റുകളാക്കി വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുൾപ്പെടെയുള്ള രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 160320/- രൂപയുടെ ചെല് തടസ്സത്തിൽ വെക്കുന്നു. പ്രസ്തുത വിഷയത്തിലേക്ക് ആരോഗ്യ – വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമായില്ല 19,22,132 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

വിവിധ പദ്ധതികൾപ്രകാരം ചുവടെ കൊടുക്കുന്ന തരത്തിൽ വിവിധ ഏജൻസികൾക്ക് തുകകൾ നൽകിയിട്ടുണ്ട്.

| ക്രമനം | പ്രോജക്ട് നമ്പർ, പേര് | ട്രഷറി ബിൽ നമ്പർ /തുക | ഇൻവോയ്സ് നം | സ്ഥാപനം -ഐറ്റം |
|---|---|---|---|---|
| 1 | 63/20 – പാലിയേറ്റീവ് ഹോം കെയർ | 13/19-20 /28.12.2019 3,50,000 | PRF- 2074/1-11-2019 | KMSCL - മരുന്ന് |
| 2 | 69/20 – വയോമിത്രം പ്രവർത്തനങ്ങൾ | 10/19-20 /28.12.2019 2,50,000 | PRF- 1376/1.10.19 | KMSCL-മരുന്ന് |
| 3 | 72/20 – ജനറൽ ആശുപത്രി/ അർബൻ പി.എച്ച്.സി / എൽ.സി.ഡി ക്ലിനിക് പ്രത്യേക വിഭാഗം മരുന്ന് വാങ്ങൽ | 12/19-20 /30.12.2019 8,00,000 12/19-20 /28.12.2019 2,00,000 | PRF-2072 /01.11.19 PRF- 2075/1.11.19 | KMSCL- മരുന്ന് |
| 4 | 210/20 – പാലിയേറ്റീവ് ഹോം കെയർ (സ്പിൽ ഓവർ ) | 4/19-20 /26.04.2019 1,10,000 | PRF-5575/22.3.19 | KMSCL -ഉപകരണങ്ങൾ |
| 5 | 209/20 – ആശുപത്രി ഉപകരണങ്ങളും ഫർണ്ണീച്ചറുകളും | 5/19-20 /26.04.2019 1,94,958 | PRF 314/18-19 /18-3-2019 | KMSCL- ഉപകരണങ്ങൾ |
| 6 | 201/20 – ഡി.ഇ.ഐ.സി പ്രവർത്തനങ്ങൾ ( സ്പിൽ ഓവർ ) | 3/19-20 /26.04.2019 17,174 | PRF-339/2018-19 /18-3-2019 | KMSCL- ഉപകരണങ്ങൾ |
| | ആകെ | 19,22,132 | | |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായതിന്റെ ഇൻവോയ്സുകൾ ഓഡിറ്റിന് ഹാജരാക്കാനവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി 20/19-20 /20.01.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിരുന്നുവെങ്കിലും മരുന്ന് ലഭിച്ച ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിനും മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചോ എന്നുറപ്പാക്കുന്നതിനും സാധിച്ചിട്ടില്ല. മേൽ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികയിൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരമുള്ള മരുന്ന്/ ഉപകരണങ്ങൾ ലഭ്യമായെന്ന് ഉറപ്പ വരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 19,22,132 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകളും ,ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം,ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

## 1-28 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010).പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് വാങ്ങൽ പദ്ധതി

തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച് , സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂമെന്റ് കമ്മറ്റിയാണ്.

2019- 20 ൽ ചുവടെ കൊടുക്കുന്ന തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ആശുപത്രി ഉപകരണങ്ങൾ / കമ്പ്യൂട്ടർ , പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ടെണ്ടർ/ ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

| ക്രമനം | പദ്ധതിയുടെ പേര് | സ്ഥാപനം | ഇനം | വില |
|---|---|---|---|---|
| 1 | 66/20 – ഹോമിയോ ക്ലിനിക്കിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | ഇ പ്ലാനറ്റ്<br>കെൽട്രോൺ | ലേസർ പ്രിന്റർ<br>കമ്പ്യൂട്ടർ | 9,890<br>35,753 |
| 2 | 67/20 – ആശുപത്രി ഉപകരണങ്ങൾ ,ഫർണ്ണീച്ചർ വാങ്ങൽ | എൽസ ഏജൻസിസ് & ഡിസ്ട്രിബ്യൂട്ടേഴ്സ് | ആശുപത്രി ഉപകരണങ്ങൾ | 2,79,941 |
| 3 | 216/20 – രോഗപ്രതിരോധ പ്രവർത്തനങ്ങൾ | സൈഗോനെറ്റ് | പ്രൊജക്ടർ, സ്ക്രീൻ, പ്രെസന്റർ | 84,300 |
| | | | | |

മേൽ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി 21/19-20/20.01.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. നഗരസഭാ ഫണ്ടുപയോഗിക്കുന്ന വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂമെന്റ് കമ്മറ്റിയാണ്. പ്രസ്തുത വിഷയത്തിലേക്ക് പ്രൊക്യൂമെന്റ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - രേഖകൾ ഹാജരാക്കിയില്ല 123375/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പ്രതിമാസം 100കി.ഗ്രാം തോതിൽ കാലിത്തീറ്റ വിതരണം ചെയ്യാവുന്നതാണ്.പൊതുവിഭാഗത്തിന് 50% സബ്സിഡി നൽകാവുന്നതാണ്.തൻവർഷം സ്പിൽഓവറായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണ പദ്ധതിക്ക് ചുവടെ കൊടുക്കുന്ന തരത്തിൽ ചെലവുണ്ട്.

പ്രോജക്ട്- കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം

പ്രോജക്ട് നമ്പർ- 207/20

നിർവഹണം-വെറ്റിനറി സർജൻ

അടങ്കൽ- ₹194200/- (വികസനഫണ്ട്) + 300000(ഗുണഭോക്തൃവിഹിതം)

ചെലവ്-₹123375/- (വികസനഫണ്ട്)
ബിൽ നമ്പർ – 2/2019-20/31.05.2019

മേൽ സൂചിപ്പിച്ച ചെലവിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 16 /19-20 /20.01.2022) മുൻവർഷത്തെ ചെലവുരേഖകളാണ് ഹാജരാക്കിയത്.വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 123375/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കാത്തപക്ഷം ഒന്നും ബോധിപ്പിക്കാനില്ലായെന്ന് കണക്കാക്കി ,ഈ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ നിരതദ്രവ്യം കെട്ടിവച്ചതിന് തെളിവില്ല

2012 ലെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2003 പ്രകാരം രണ്ടു കോടി രൂപവരെ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്നതിന് പദ്ധതി തുകയുടെ 2.5 % തുക നിരതദ്രവ്യം കെട്ടിവയ്ക്കണമെന്നാണ് . ട്രഷറി ചെലാൻ രസീത് ആയോ,ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് മാറാവുന്നവിധത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ പ്ലഡ്ജ് ചെയ്ത ഡെപ്പോസിറ്റ് ,ക്യാഷ് തുടങ്ങിയവയുടെ രൂപത്തിൽ EMD സ്വീകരിക്കാമെന്ന് പറയുന്നുണ്ടെങ്കിലും കൽപ്പറ്റ നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലിലും,ടെണ്ടർ രജിസ്റ്ററിലും ലഭിച്ച തുകയും ,മറ്റുവിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല.നിരതദ്രവ്യമായി കിട്ടുന്ന തുകകളുടെ വിവരം രേഖപ്പെടുത്താൻ EMD രജിസ്റ്റർ സൂക്ഷിക്കുന്നില്ല. EMD ആയി ലഭിച്ച തുകയെത്ര,ഏതുതരത്തിലാണ് ലഭിച്ചത് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ

രേഖപ്പെടുത്തിയില്ലെങ്കിലും, ചില ഫയലുകളിൽ EMD തിരിച്ചുകിട്ടിയതായി കരാറുകാർ ഒപ്പിട്ടുനൽകിയതായി കാണുന്നുണ്ട്
.

ചില ഫയലുകളിൽ കരാറുകാർ നൽകിയ ഫിക്സഡ് ഡെപ്പോസിറ്റുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റുകളിൽ ചിലത് നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ ശരിയായ വിധത്തിൽ പ്ലഡ്ജ് ചെയ്യാത്തവയും,മറ്റുചിലത് കരാറുകാരന്റെ പേരിലെടുത്ത നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ പ്ലഡ്ജ് ചെയ്യാത്ത ഡെപ്പോസിറ്റുകളുമാണ്. എല്ലാ കരാറുകാരും നിരതദ്രവ്യം കെട്ടിവച്ചിട്ടാണ് ടെണ്ടറിൽ പങ്കെടുക്കുന്നത് എന്ന് ഉറപ്പാക്കാനുള്ള രേഖകൾ എന്നുംതന്നെ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചുവച്ചിട്ടില്ല. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ ഹാജരാക്കുന്ന സെക്യൂരിറ്റി തുകയുടെ വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 നഗര നവീകരണ പ്രവൃത്തി അപാകതകൾ , ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

രണ്ടുകോടി രൂപ വകയിരുത്തി 2018-19 ൽ ആരംഭിച്ചതും ,2019-20 ൽ സ്പിൽഓവർ പദ്ധതിയായി തുടരുന്നതുമായ കൽപ്പറ്റ ടൗൺ നവീകരണം (പ്രോ.നം 200/20) പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി

1. 2019-20 ൽ അംഗീകരിച്ചിരിക്കുന്ന സ്പിൽഓവർ പദ്ധതി പ്രകാരം അമ്പതുലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും, തൻവർഷം ഒരുകോടി രൂപ ,പദ്ധതി നിർവ്വഹണ ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയതായിട്ടാണ് കാണുന്നത്.

2. നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ചു നൽകിയ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പദ്ധതി നിർവ്വഹണ ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റിയുമായും,വാട്ടർ അതോറിറ്റിയുമായും ഒപ്പിട്ട കരാറുകൾ ഫയലിലില്ല.

4. 2018-19 ൽ ഒരുകോടി രൂപയും, ,2019-20 ൽ ഒരുകോടി രൂപയുമുൾപ്പെടെ ആകെ രണ്ടു കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയെങ്കിലും,ഇതുവരെ ചെയ്ത പ്രവൃത്തികൾ,ചെലവഴിച്ച തുക ,എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ കാണുന്നില്ല.

5. നോട്ട് ഫയലിൽ പരാമർശിച്ചിരിക്കുന്ന എല്ലാ കത്തുകളും, റിപ്പോർട്ടുകളും ഹാജരാക്കിയിരിക്കുന്ന ഫയലിൽ കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല .പദ്ധതിയുടെ നടത്തിപ്പിൽ അപാകതകൾ കാണുന്നതിനാൽ തൻവർഷം ചെലവഴിച്ച ഒരു കോടി രൂപയുടെ ചെലവ് (ബിൽ നമ്പർ 12/19-20 /29-6-2019 -50,00,000/-, ബിൽ നമ്പർ 13/19-20 /29-6-2019 -50,00,000/-)തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 മരാമത്ത് പ്രവൃത്തി എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല.

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പേര്, അടങ്കൽ തുക | കരാറുകാരൻ,നിരക്ക് | ടെണ്ടർ തിയതി | പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി | കരാർ ,ഒപ്പിട്ട തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ ,തിയതി തുക |
|---|---|---|---|---|---|---|
| 58/20പൊന്നട കോട്ടൻചിറ റോഡ് ടാറിംഗ്,4,00,000 | വി കമാൽ399946 | 19-9-2019 | 16-10-2019 | 49/19-20 4-12-2019 | 3999 | 52/19-20 25-2-2020 3,00,000 |

സെലക്ഷൻ നോട്ടീസിൽ കരാറുകാരൻ കൈപ്പറ്റിയ തിയതി രേഖപ്പെടുത്താത്തതിനാൽ നോട്ടീസ് തിയതി അടിസ്ഥാനമാക്കിയാണ് പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി കണക്കാക്കിയിരിക്കുന്നത്. നിശ്ചിത

സമയത്തിനുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-33 പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. . കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ ഏൽപ്പിക്കാവുന്നതുമാണ്.

പഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽ തുക നൽകിയതായി കാണുന്നു. .യഥാസമയം പൂർത്തിയാക്കാത്ത താഴെ പറയുന്ന പ്രവർത്തിക്ക് തൻവർഷം തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെയും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം,<br>പേര്/<br>അടങ്കൽ തുക | കരാറുകാരൻ<br>ടെണ്ടർ<br>നിരക്ക്(PAC) | എഗ്രിമെൻറ്/<br>തിയതി | കരാർ പ്രകാരം<br>പൂർത്തിയാക്കേണ്ട<br>തിയതി | എം ബുക്ക്പ്രകാരം<br>പൂർത്തിയാക്കിയ<br>തിയതി | പൂർത്തിയാ<br>ക്കാനെടുത്ത<br>കാലതാമസം | ഈടാക്കേ<br>ണ്ടിയിരുന്ന<br>പിഴ | അവസാന<br>ബിൽ<br>ചെക്ക്<br>നമ്പർ/<br>തിയതി<br>/തുക |
|---|---|---|---|---|---|---|---|
| 212/20(320/18,263/19)<br>മിച്ചഭൂമിറോഡ്<br>റീടാറിംഗ് 5,00,000 | മുഹമ്മദ്കുഞ്ഞി<br>493914 | 165/17-18<br>26-3-2018 | 31-3-2018 | 24-3-2019 | 11മാസം<br>24ദിവസം | 7%<br>(1+2+2+2) | 10/19-20<br>27-6-2019<br>296710/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 215/20(118/19)പുഴമുടിപാലത്തിന്സമീപം ക്ലളിക്കടവ് നടപ്പാത2,00,000 | എൻ അസീസ് 178062 | 128/17-18 25-1-2018 | 31-3-2018 | 12-3-2019 | 11മാസം 12ദിവസം | 7% (1+2+2+2) | 6/19-20/ 27-6-2019 142973/- |

യഥാസമയം പ്രവ്യത്തി പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരനിൽ നിന്നും എഗ്രിമെന്റിൽ പറഞ്ഞ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

യഥാസമയം പ്രവ്യത്തിപൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരനിൽ നിന്നും എഗ്രിമെന്റിൽ പറഞ്ഞ പ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത- നഗരസഭയ്ക്ക് നഷ്ടം.

കൽപ്പറ്റ നഗരസഭയുടെ 2019-20 സാമ്പത്തീക വർഷത്തെ വസ്തു നികുതി പരിശോധനയിൽ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ അപാകതകൾ കണ്ടെത്തി.വിശദവിവരം ചുവടെ കൊടുക്കുന്നു.

I.കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് വരുത്തിയിട്ടില്ല-

കേരള മുൻസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 2011, പട്ടിക 8 പ്രകാരം കെട്ടിടത്തിന്റെ എയർകണ്ടീഷൻ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 10% നികുതി വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് വരുത്തിയിട്ടില്ല.

1. 14-ാം വാർഡിൽ കല്പറ്റ-പിണങ്ങോട് റോഡിൽ ശ്രീ.ഷെയ്ക്ക് ഉസ്മാൻ എന്നവരുടെ ഉടമസ്ഥതയിലുള്ള XI/453A മുതൽ XI/453G വരെ നമ്പർ നൽകിയ കെട്ടിടം.

4 നിലകളിലായി 3627.83 ച.മീ വിസ്തീർണ്ണത്തിൽ പണികഴിപ്പിച്ച കെട്ടിടം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിലുള്ളതാണ്.കെട്ടിടത്തിന് 28/05/2019 തിയ്യതിയിൽ ഒക്യുപ്പൻസി നൽകിയിട്ടുള്ളതാണ്.കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ വിവരങ്ങൾ | നിർണ്ണയിച്ച നികുതിയുടെ വിവരങ്ങൾ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | നികുതി ഈടാക്കിയതിലുള്ള കുറവ് |
|---|---|---|---|
| കെട്ടിട ഉടമ- ഷെയ്ക്ക് ഉസ്മാൻ<br>കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-120/-<br>കെട്ടിട നം- IX/453A<br>വിസ്തീർണ്ണം- 700.84 | അടിസ്ഥാന വസ്തു നികുതി-84101<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-16820/-<br>തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന 15%- 12,615/-<br>ആകെ നികുതി- 113536+ ലൈബ്രറി സെസ്സ്-5676 | അടിസ്ഥാന വസ്തു നികുതി-84101<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-16820/-<br>തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന 15%- 12,615/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 8410/-<br>ആകെ നികുതി-121946+ ലൈബ്രറി സെസ്സ്-6097 | നികുതി-8410<br>ലൈബ്രറി സെസ്സ്-421 |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു | അടിസ്ഥാന വസ്തു നികുതി-87057<br>വഴിസൗകര്യത്തിന്റെ | അടിസ്ഥാന വസ്തു നികുതി-87057<br>വഴിസൗകര്യത്തിന്റെ | നികുതി-8269<br>ലൈബ്രറി സെസ്സ്-413 |

| | | | |
|---|---|---|---|
| നികുതി-120/-<br>കെട്ടിട നം- IX/453B<br>വിസ്തീർണ്ണം- 725.47 | അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17411.4/-<br>ഇളവ്-ഒന്നാം നില 5%- 5224/-<br>ആകെ നികുതി- 99246+ലൈബ്രറി സെസ്സ്-4963 | അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17411.4/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 8706/-<br>ഇളവ്-ഒന്നാം നില 5%- 5659/-<br>ആകെ നികുതി- 107515+ലൈബ്രറി സെസ്സ്-5376 | |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-120/-<br>കെട്ടിട നം- IX/453C<br>വിസ്തീർണ്ണം- 712.78M2 | അടിസ്ഥാന വസ്തു നികുതി-85,534/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17106.8/-<br>ഇളവ്-രണ്ടാം നില 10%- 10264/-<br>ആകെ നികുതി- 92377+ലൈബ്രറി സെസ്സ് 4619 | അടിസ്ഥാന വസ്തു നികുതി-85,534/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17106.8/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 8553<br>ഇളവ്-രണ്ടാം നില 10%- 11119/-<br>ആകെ നികുതി- 100075+ലൈബ്രറി സെസ്സ് 5004 | നികുതി-7698<br>ലൈബ്രറി സെസ്സ്-385 |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-120/-<br>കെട്ടിട നം- IX/453D<br>വിസ്തീർണ്ണം- 712.83M2 | അടിസ്ഥാന വസ്തു നികുതി-85,540/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17108/-<br>ഇളവ്-മൂന്നാം നില 15%- 15,397/-<br>ആകെ നികുതി- 87251+ലൈബ്രറി സെസ്സ് 4363 | അടിസ്ഥാന വസ്തു നികുതി-85,540/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-17108/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 8554<br>ഇളവ്-മൂന്നാം നില 15%- 16680/-<br>ആകെ നികുതി- 94522+ലൈബ്രറി സെസ്സ് 4726 | നികുതി-7271<br>ലൈബ്രറി സെസ്സ്-363 |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-120/- | അടിസ്ഥാന വസ്തു നികുതി-8982/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള | അടിസ്ഥാന വസ്തു നികുതി-8982/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള | നികുതി-3052<br>ലൈബ്രറി സെസ്സ്-152 |

| | | | |
|---|---|---|---|
| കെട്ടിട നം- IX/453E<br>വിസ്തീർണ്ണം- 74.85M2 | വർദ്ധന 20%-1796.4/-<br>ഇളവ്-നാലാം നില 20%- 2156/-<br>ആകെ നികുതി- 8624+ലൈബ്രറി സെസ്സ് 432 | വർദ്ധന 20%-1796.4/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 898<br>ആകെ നികുതി- 11676+ലൈബ്രറി സെസ്സ് 584 | |

മേൽ കെട്ടിടത്തിന് നികുതി നിശ്ചയിച്ചതിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മേൽ കെട്ടിടത്തിന് നിശ്ചയിച്ച നികുതി | മേൽ കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി | നികുതി നിശ്ചയിച്ചതിലെ കുറവ് |
|---|---|---|
| 401034(+ LC 20,053) | 4,35,734(+21787) | 34,700(LC 1,734) |

2.കോഴിക്കോട്-ബത്തേരി റോഡിൽ കൽപ്പറ്റ പുതിയ സ്റ്റാൻഡിന് മുൻപിലായി ശ്രീ.റസാഖ്.പി എന്നയാളുടെ ഉടമസ്ഥതയിലുള്ള XII/339A മുതൽ XII/339E വരെ നമ്പർ കെട്ടിടങ്ങൾ.

4 നിലകളിലായി 3701.95ച.മീ വിസ്തീർണ്ണത്തിൽ പണികഴിപ്പിച്ച കെട്ടിടം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിലുള്ളതാണ്.കെട്ടിടത്തിന് 01/10/18തിയ്യതിയിൽ ഒക്യുപ്പൻസി നൽകിയിട്ടുള്ളതാണ്

| കെട്ടിടത്തിന്റെ വിവരങ്ങൾ | നികുതി നിർണ്ണയ വിവരങ്ങൾ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | നികുതി ഈടാക്കിയതിലുള്ള കുറവ് |
|---|---|---|---|
| കെട്ടിട ഉടമ- റസാഖ് പി<br>കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-80/-<br>കെട്ടിട നം- XII/339B<br>വിസ്തീർണ്ണം- 738.58 | അടിസ്ഥാന വസ്തു നികുതി-59,086/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,818/-<br>ഇളവ്-ഒന്നാം നില 5%- 3545/-<br>ആകെ നികുതി- 67,360/-<br>ലൈബ്രറി സെസ്സ്- 3,368/- | അടിസ്ഥാന വസ്തു നികുതി-59,086/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,817/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധന- 5,909/-<br>ഇളവ്-ഒന്നാം നില 5%-3,841/-<br>ആകെ നികുതി-72,971/-<br>ലൈബ്രറി സെസ്സ്- 3,649/- | 5,611+ ലൈബ്രറി സെസ്സ്-281 |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-80/-<br>കെട്ടിട നം- XII/339C<br>വിസ്തീർണ്ണം- | അടിസ്ഥാന വസ്തു നികുതി-59,087/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,818/-<br>ഇളവ്-രണ്ടാം നില 10%- 7,090/- | അടിസ്ഥാന വസ്തു നികുതി-59,087/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,817/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ | 5,317+ലൈബ്രറി സെസ്സ്-266 |

| | | | |
|---|---|---|---|
| 738.58 | ആകെ നികുതി-63,815/-<br>ലൈബ്രറി സെസ്സ്-3,191/- | സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധന- 5,909/-<br>ഇളവ്-രണ്ടാം നില 10%-7681/-<br>ആകെ നികുതി-69132/-<br>ലൈബ്രറി സെസ്സ്-3,457/- | |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-80/-<br>കെട്ടിട നം-XII/339D<br>വിസ്തീർണ്ണം-738.58 | അടിസ്ഥാന വസ്തു നികുതി-59,087/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,818/-<br>ഇളവ്-മൂന്നാം നില 15%- 10,636/-<br>ആകെ നികുതി-60,270/-<br>ലൈബ്രറി സെസ്സ്-3,014/- | അടിസ്ഥാന വസ്തു നികുതി-59,087/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-11,817/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധന- 5,909/-<br>ഇളവ്-മൂന്നാം നില 15%-11,522/-<br>ആകെ നികുതി-65,291/-<br>ലൈബ്രറി സെസ്സ്-3,265/- | 5,021+ലൈബ്രറി സെസ്സ്-251 |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-80/-<br>കെട്ടിട നം-XII/339E<br>വിസ്തീർണ്ണം-217.74 | അടിസ്ഥാന വസ്തു നികുതി-17,420/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-3,484/-<br>ഇളവ്-നാലാം നില 20%- 4,181/-<br>ആകെ നികുതി-16,723/-<br>ലൈബ്രറി സെസ്സ്-837/- | അടിസ്ഥാന വസ്തു നികുതി-17,420/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-3,484/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധന- 1,742/-<br>ഇളവ്-നാലാം നില 20%-4,529/-<br>ആകെ നികുതി-18,117/-<br>ലൈബ്രറി സെസ്സ്-906/- | 1,394+ലൈബ്രറി സെസ്സ്-69 |
| ആകെ | | | 17,343+ലൈബ്രറി സെസ്സ്-867 |

മേൽ കെട്ടിടത്തിന് നികുതി നിശ്ചയിച്ചതിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മേൽ കെട്ടിടത്തിന് നിശ്ചയിച്ച നികുതി | മേൽ കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി | നികുതി നിശ്ചയിച്ചതിലെ കുറവ് |
|---|---|---|
| 2,08,168(+ LC | 2,25,511(+LC 11,277) | 17,343(+LC 867) |

| | | |
|---|---|---|
| 10,410) | | |

II.200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റിന് ചട്ടപ്രകാരമുള്ള വസ്തു നികുതി കണക്കാക്കിയിട്ടില്ല-

കേരള മുൻസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 2011, ചട്ടം5 പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനായി നഗരസഭാ പ്രദേശത്തുള്ള എല്ലാ കെട്ടിടങ്ങളെയും നാലാം ചട്ടം ഒന്നാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗ ക്രമം അനുസരിച്ച് തരം തിരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം.18/11 ത സ്വ ഭ വ 14.01.2011 പ്രകാരം കൽപ്പറ്റ നഗരസഭയുടെ വസ്തു നികുതി നിരക്ക് 21.06.2016 ലെ 12-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ഇതിൻ പ്രകാരം 200ച മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾക്ക് ച മീറ്ററിന് 120/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 80/- രൂപാ നിരക്കിലേ ഈടാക്കിയിട്ടുള്ളൂ.ഉദാ:- കോഴിക്കോട്-ബത്തേരി റോഡിൽ കൽപ്പറ്റ പുതിയ സ്റ്റാൻഡിന് മുൻപിലായി ശ്രീ.റസാഖ്.പി എന്നയാളുടെ ഉടമസ്ഥതയിലുള്ള XII/339A നമ്പർ നൽകിയ കെട്ടിടം. കെട്ടിടത്തിന് 01/10/18തിയ്യതിയിൽ ഒക്യുപ്പൻസി നൽകിയിട്ടുള്ളതാണ്

| കെട്ടിടത്തിന്റെ വിവരങ്ങൾ | നികുതി നിർണ്ണയ വിവരങ്ങൾ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | നികുതി ഈടാക്കിയതിലുള്ള കുറവ് |
|---|---|---|---|
| കെട്ടിട ഉടമ-റസാഖ് പി.<br>കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-80/-<br>കെട്ടിട നം-XII/339A<br>വിസ്തീർണ്ണം-646.28 | അടിസ്ഥാന വസ്തു നികുതി-51,702.4<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-10,341/-<br>ആകെ നികുതി-62,043/-<br>ലൈബ്രറി സെസ്സ്-3,103/- | അടിസ്ഥാന വസ്തു നികുതി-(120/)- 77,554/-<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന 20%-15,511/-<br>കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 10%വർദ്ധന- 7,755/-<br>ആകെ നികുതി-1,00,820/-<br>ലൈബ്രറി സെസ്സ്-5,041/- | നികുതി-38,777/-<br>ലൈബ്രറി സെസ്സ്-1,939/- |

.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി.നം. 31/19-20,തീയതി 24.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.മുകളിൽ കൊടുത്ത കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ പ്രതിവർഷം ₹90,820/-രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ ₹4540/- രൂപയും(34,700 (LC 1,734)+ 17,343(+LC 867)+38,777/-(LC 1,939/-))നഷ്ടം ഉണ്ടാകുന്നുണ്ട്. നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 വാടക/ലേലം ഇനങ്ങളിലെ മുഴുവൻ തുകയും ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള വനിത ഉൽപ്പന്ന വിപണന കേന്ദ്രം,വനിത തൊഴിൽ പരിശീലന കേന്ദ്രം,പഴം പച്ചക്കറി ചന്ത എന്നിവ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിരുന്നു.എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലഭിക്കേണ്ട മുഴുവൻ വാടകയും ലഭിച്ചിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

A) വനിത ഉൽപ്പന്ന വിപണന കേന്ദ്രം

| പേര് | റൂം നമ്പർ | പ്രതിമാസ വാടക +GST | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| മുബീന .എം.എ | 10/247(7) | ₹(10200+1836) | 11/19 _ 03/20 | 60,180 (12036x5) |

B) വനിത തൊഴിൽ പരിശീലന കേന്ദ്രം

| പേര് | റൂം നമ്പർ | പ്രതിമാസ വാടക+GST | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| റീന.കെ | 7/278(4) | ₹(6321 + 1138) | 04/19 -03/20 | 89,508 (7459x12) |

C)പഴം പച്ചക്കറി ചന്ത

| പേര് | റൂം നമ്പർ | പ്രതിമാസ വാടക +GST | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| AEO വൈത്തിരി | 13/720(17,18,19,20,21,22) | ₹(5978+1076) | 04/19 - 03/20 | 84,648 (7054x12) |
| സുമഫിന .എം | 13/720(34) | ₹(1359+244) | 04/19 - 03/20 | 19,236 (1603x12) |
| സുമഫിന .എം | 13/720(35) | ₹(1359+244) | 04/19 - 03/20 | 19,236 (1603x12) |
| സുമഫിന .എം | 13/720(36) | ₹2255 (1911 +344) | 04/19 - 03/20 | 27,060 (2255x12) |
| ഇബ്രാഹിം.പി.പി | 13/720(31) | ₹(2674 +482 ) | 08/19 -03/20 | 25,248 (3156x8) |

ആകെ കുടിശ്ശിക തുക 325116/-രൂപ. തൻവർഷ വാടകയിനത്തിൽ മേൽ കുടിശ്ശികയായ 3,25,116 രൂപ ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.17/ 19-20 ) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ,തുക ഈടാക്കിയ ശേഷം ഓഡിറ്റിനെ അറിയിക്കുമെന്നുമാണ്. വാടകയിനത്തിൽ മേൽ കുടിശ്ശികയായ 3,25,116 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.വാടകക്കാരിൽ നിന്നും തുക ലഭിക്കുന്നില്ലായെങ്കിൽ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു- നഷ്ടം 96250/-

തൊഴിൽനികുതി സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഒട്ടേറെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.പ്രധാന സ്ഥാപനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | എം എസ് പി എസ്റ്റേറ്റ് | 1, 2 | 2500 |
| 2 | കളത്തിൽ ഫർണിച്ചർ | 1, 2 | 2500 |
| 3 | താരീഖ് ഫർണിച്ചർ | 1, 2 | 2500 |

| | | | |
|---|---|---|---|
| 4 | ചന്ദ്രനാഥ് എസ്റ്റേറ്റ് | 1, 2 | 2500 |
| 5 | ഇൻഡസ് & ഇന്റ് മാർക്കറ്റിംഗ് ഫിനാൻസ് | 2 | 1250 |
| 6 | വയനാട് ജില്ലാ പെൻഷനേഴ്സ് വെൽഫയർ കോഓപറേറ്റീവ് സൊസൈറ്റി | 1, 2 | 2500 |
| 7 | മലനാട് കോഫീ വർക്സ് | 1, 2 | 2500 |
| 8 | ഗ്രീൻ ഗേറ്റ്സ് ഹോട്ടൽ | 1, 2 | 2500 |
| 9 | മാർക്ക് ഗ്രാന്റ് ടൂറിസ്റ്റ് ഹോം | 1, 2 | 2500 |
| 10 | ചെറിയക്കൻ സ്മാരക മർമ്മ ചികിൽസാലയം | 2 | 1250 |
| 11 | ഓസ്കാർ ഡ്രൈവിംഗ് സ്കൂൾ | 1, 2 | 2500 |
| 12 | വിദ്യാ ക്ളാസ്സസ് | 1, 2 | 2500 |
| 13 | വൃന്ദാവൻ ഹോട്ടൽ | 1, 2 | 2500 |
| 14 | ശരണ്യ ഫാബ്രിക്സ് | 1, 2 | 2500 |
| 15 | എസ് ബി ഐ ലൈഫ് ഇൻഷുറൻസ് | 1, 2 | 2500 |
| 16 | കെ രാജൻ ചാർട്ടേഡ് അക്കൗണ്ടന്റ് | 2 | 1250 |
| 17 | ആദിത്യ ബിർല ലൈഫ് ഇൻഷുറൻസ് | 1, 2 | 2500 |
| 18 | ധനകോടി ചിട്സ് | 1, 2 | 2500 |
| 19 | സുൽത്താൻ ബത്തേരി കോ ഓപറേറ്റീവ് അർബൻ സൊസൈറ്റി, കൽപ്പറ്റ ശാഖ | 1, 2 | 2500 |
| 20 | ശ്രീ ശങ്കചാര്യാ കമ്പ്യൂട്ടർ സൊസൈറ്റി | 1, 2 | 2500 |
| 21 | കൽപ്പറ്റ കോ ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | 1, 2 | 2500 |
| 22 | സുബ്രമണ്യൻ ചാർട്ടേഡ് അക്കൗണ്ടന്റ് | 1, 2 | 2500 |
| 23 | എസ് എം സോഫ്റ്റ് കമ്പ്യൂട്ടേഴ്സ് | 1, 2 | 2500 |
| 24 | വയനാട് ജില്ലാ ലോട്ടറി തൊഴിലാളി ക്ഷേമ സഹകരണ സംഘം | 1, 2 | 2500 |
| 25 | പോപ്പുലർ നിധി ലിമിറ്റഡ് | 1, 2 | 2500 |
| 26 | ഡെക്കാൻ ഐടിസി | 1, 2 | 2500 |
| 27 | ഗീത സ്റ്റോർ | 1, 2 | 2500 |
| 28 | പഞ്ചാബ് നാഷണൽ ബാങ്ക് | 1, 2 | 2500 |
| 29 | ഹോട്ടൽ ബെസ്റ്റ് വെസ്റ്റേൺ | 1, 2 | 2500 |
| 30 | കെയർ & ക്യൂവർ ഫാർമ | 1, 2 | 2500 |
| 31 | അഹല്യ മണി എക്സ്ചേഞ്ച് | 1, 2 | 2500 |
| 32 | ഡോ. ശങ്കേഴ്സ് ഹിയറിംഗ് & സ്പീച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 1, 2 | 2500 |
| 33 | ലിയോ മെട്രോ | 1, 2 | 2500 |
| 34 | ഐസി ഐസി ഐ ബാങ്ക് | 1, 2 | 2500 |
| 35 | ബജാജ് ഫിനാൻസ് | 2 | 1250 |
| 36 | മെട്രോ ഡ്രൈവിംഗ് സ്കൂൾ | 1, 2 | 2500 |
| 37 | എക്സൽ അഗ്രോ ഫുഡ് | 1, 2 | 2500 |
| 38 | വി കെ സി ഷൂസ് & അലൈഡ് പ്രൊഡക്ഷൻ | 2 | 1250 |
| 39 | വിക്ടറി സോപ്പ് & കോസ്മെറ്റിക്സ് | 2 | 1250 |
| 40 | വി കെ സി പോളിമേഴ്സ് | 1, 2 | 2500 |
| 41 | മിൽമ വയനാട് ഡയറി | 2 | 1250 |
| 42 | കൽപ്പറ്റ ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 | 2500 |

നഷ്ടം വന്ന തുക സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

II.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്:-

തൊഴിൽനികുതി സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഒട്ടേറെ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ഐ ടി മിഷൻ | 2 |
| 2 | ശ്രീ ശങ്കര വിദ്യാ മന്ദിരം | 2 |
| 3 | കരുണ ഡയഗ്നോസ്റ്റിക് സെന്റർ | 2 |
| 4 | ലീഡ് ഹെൽത്ത് കെയർ & ലാബ് | 1, 2 |
| 5 | കച്ചേരി മോട്ടോർസ് | 2 |
| 6 | ആദായ നികുതി ഓഫീസ്, കൈനാട്ടി | 2 |
| 7 | ഫീൽഡ് പബ്ളിസിറ്റി ഓഫീസ് | 2 |
| 8 | ജില്ലാ ലൈബ്രറി, കൽപ്പറ്റ | 1, 2 |
| 9 | മാർക്കറ്റ് ഷെഡ് | 2 |
| 10 | ഏഷ്യാ നെറ്റ് ബ്യൂറോ | 2 |
| 11 | ചന്ദ്രഗിരി ഓഡിറ്റോറിയം | 1, 2 |
| 12 | ജനം ടി വി | 1, 2 |
| 13 | വയനാട് ജില്ലാ ടീച്ചേഴ്സ് സൊസൈറ്റി | 1, 2 |
| 14 | മാധ്യമം ബ്യൂറോ | 2 |

| | | |
|---|---|---|
| 15 | ദേശാഭിമാനി ബ്യൂറോ | 1, 2 |
| 16 | ദീപിക ബ്യൂറോ | 2 |
| 17 | കേരള കൗമുദി ബ്യൂറോ | 1, 2 |
| 18 | ഗ്രാന്റ് ഫ്രഷ് സൂപ്പർ മാർക്കറ്റ് | 1, 2 |
| 19 | സപ്ളൈകോ സൂപ്പർ മാർക്കറ്റ് | 1, 2 |
| 20 | കൈരളി ബ്യൂറോ | 1, 2 |
| 21 | റിപ്പോർട്ടർ ടി വി ബ്യൂറോ | 1, 2 |
| 22 | മംഗളം ദിന പത്രം ബ്യൂറോ | 1, 2 |
| 23 | ചന്ദ്രിക ദിന പത്രം ബ്യൂറോ | 1, 2 |
| 24 | സിറാജ് ദിന പത്രം ബ്യൂറോ | 1, 2 |
| 25 | പ്രൊഫഷണൽ കൊറിയർ | 1, 2 |
| 26 | വീക്ഷണം ദിനപത്രം ബ്യൂറോ | 2 |
| 27 | കറന്റ് ബുക്ക്സ് | 2 |
| 28 | ടി പി പോൾ അസോസിയേറ്റ്സ് | 1, 2 |
| 29 | പള്ളിയാൽ ഡെന്റൽ ക്ലിനിക് | 1, 2 |
| 30 | ജൻമ ഭൂമി ദിനപത്രം ബ്യൂറോ | 2 |
| 31 | ബിർള ലൈഫ് ഇൻഷ്വറൻസ് | 2 |
| 32 | വയനാട് ജില്ലാ സീനിയർ സിറ്റിസൺ വെൽഫയർ സൊസൈറ്റി | 1, 2 |
| 33 | ഗീത സ്റ്റോർ | 1, 2 |
| 34 | എച്ച് ഡി എഫ് സി ബാങ്ക് | 2 |
| 35 | എച്ച് 2 ഒ പാക്ക് | 2 |
| 36 | വി കെ സി ഷൂസ് & അലൈഡ് പ്രൊഡക്ഷൻ | 2 (ഒന്നാം അർദ്ധ വർഷം അടവ് - 129160 രൂപ) |
| 37 | വിക്ടറി സോപ്പ് & കോസ്മെറ്റിക്സ് | 2 |
| 38 | വി കെ സി പോളിമേഴ്സ് | 2 (ഒന്നാം അർദ്ധ വർഷം അടവ് - 110660രൂപ) |
| 39 | ടി എൻ ആർ പെട്രോളിയം | 2 |
| 40 | കൽപ്പറ്റ കോ ഓപറേറ്റീവ് അർബൻ സൊസൈറ്റി | 2 |
| 41 | ചെമ്പ്ര റിസോർട്ട് | 2 |

സ്ഥാപനത്തിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ 'ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| നാഷണൽ ഹൈവേ അതോറിറ്റി | ടൗൺ നവീകരണം | ലഭ്യമല്ല | 2,00,00,000 | 2,00,00,000 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | KURDFC/ULB /358/2012 | 8,49,600 | 4,24,800 | 84,960 | Nil | 3,39,840 |
| ഇ എം എസ് ഭവന പദ്ധതി | GOMs/207/09 | 1,95,10,000 | 50,38,750 | 50,38,750 | - | - |
| എന്റെ ഗൃഹം | CDS/308/2009 | 4,16,30,000 | 3,20,13,572 | 74,97,450 | 35,83,683 | 24,51,522 |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗസ്ഥരും | |
| 2010-11 | 3-12 | 12521 | കവിത<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | 01/119010104599<br>19-12-2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 26 | 1999-2000 | 4-70(എ) | അധികദൂരം കൺവേയൻസ് ചാർജ്ജിനായി കണക്കാക്കിയതിൽ നഷ്ടം | തടസ്സം നിലനിൽക്കുന്നു |
| 1998-99 | 40 | 1999-2000 | 4-70(ബി) | മിനി സ്റ്റേഡിയം സ്ഥലം വാങ്ങിയതിൽ ക്രമക്കേടുകൾ | തടസ്സം നിലനിൽക്കുന്നു |
| 1998-99 | 42(b) | 1999-2000 | 4-70(സി) | കൃത്രിമമായി ചെലവ് പെരുപ്പിച്ച് കാണിച്ചു | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 37 | 2001-02 | VI-10(ii) | വസ്തുനികുതി പുനർ നിർണ്ണയം - 1997-98 – അപാകതകൾ - നഷ്ടം 5,664 രൂപ | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 32(a) | 2001-02 | VI-10(ii) | വസ്തുനികുതി നിർണ്ണയം - കുടിശ്ശിക ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടം | തടസ്സം നിലനിൽക്കുന്നു |
| 99-00 | 34, 18(3) | 2004-05 | 3-12(111) (7)(1) | മരാമത്ത് ബില്ലുകളിൽ അധിക ചെലവ് | തടസ്സം നിലനിൽക്കുന്നു |
| 99-00 | 23(4) | 2004-05 | 3-12(111) (7) (2) | ടാറിംഗ് കരാറുകാർ ലാഭകരമായി തീർപ്പാക്കി | തടസ്സം നിലനിൽക്കുന്നു |
| 2000-01 | 3-9 | 2007-08 | 4.12.1 | ലക്ഷം ഭവന പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ | തടസ്സം നിലനിൽക്കുന്നു |
| 2013-14 | - | 2013-14 | 5.2.14 | സെപ്റ്റ് വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീപങ്കാളികൾ | തടസ്സം നിലനിൽക്കുന്നു |
| 2014-15 | - | 2014-15 | അധ്യായം 2 | നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല | തടസ്സം നിലനിൽക്കുന്നു |
| 2015-16 | 3-19 | 2016-17 | 9.1 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവർത്തനക്ഷമമായില്ല | തടസ്സം നിലനിൽക്കുന്നു |
| 2017-18 | 2-15 | 2018-19 | 2 | ബി ഒ ടി ആനപിറ്റി | |
| 2018-19 | 3-5 | 2019-20 | 1 | തെരുവു വിളക്ക് പരിപാലനം | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,14,48,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28,50,70,027 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹5,12,184 |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,22,05,827 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹90,820 | | കെ ജി രവീന്ദ്രൻ, സെക്രട്ടറി |
| 2-2 | ₹3,25,116 | | ദേവദാസ് പി.റ്റി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 2-3 | ₹96,250 | | ദേവദാസ് പി.റ്റി, സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | ₹5,12,184 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | ₹1,60,320 | ഡോ.ശ്രീകുമാർ , സൂപ്രണ്ട്, ജനറൽ ആശുപത്രി |
| 1-27 | ₹19,22,132 | 16.00,000 – ഡോ. ശ്രീകുമാർ , സൂപ്രണ്ട്, ജനറൽ ആശുപത്രി<br>3,22,132 – ഡോ. അശ്വതി മാധവൻ, സൂപ്രണ്ട്, ജനറൽ ആശുപത്രി |
| 1-29 | ₹1,23,375 | ഡോ പ്രദീപ് കുമാർ, വെറ്ററിനറി സർജൻ |
| 1-32 | ₹1,00,00,000 | അനിൽകുമാർ എം.എം , അസിസ്റ്റന്റ് എഞ്ചിനീയർ |
| | ₹1,22,05,827 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

*ലൈബ്രറി സെസ്സ്-₹4539/-*

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ ജി രവീന്ദ്രൻ,<br>സെക്രട്ടറി | സെക്രട്ടറി,കൽപ്പറ്റ നഗരസഭ | ശിവകൃപ, വിദ്യാനഗർ,<br>കല്പറ്റ ലോർത്ത്, കൈനാട്ടി |
| ദേവദാസ് പി.റ്റി,<br>സെക്രട്ടറി ഇൻ ചാർജ്ജ് | സൂപ്രണ്ട്,കൽപ്പറ്റ നഗരസഭ | ദേവാമൃത്,<br>കട്ടയാട് പി.ഒ,<br>വെള്ളമുണ്ട – 670731 |
| ഡോ.അശ്വതി മാധവൻ, സൂപ്രണ്ട്,<br>ജനറൽ ആശുപത്രി | CHC ഇരിപേരി | സാക്രോസാന്റ്,<br>എരഞ്ഞിപ്പാലം, കോഴിക്കോട് |
| ഡോ. ശ്രീകുമാർ ,<br>സൂപ്രണ്ട്, ജനറൽ ആശുപത്രി | സൂപ്രണ്ട്, ജനറൽ ആശുപത്രി കൽപ്പറ്റ | കനയ്യ,<br>തലായി,<br>തലശ്ശേരി |
| ഡോ പ്രദീപ് കുമാർ,<br>വെറ്ററിനറി സർജൻ | വിരമിച്ചു | പുത്തൻപറമ്പിൽ , പീച്ചി ഡാം പി.ഒ,<br>തൃശ്ശൂർ |
| അനിൽകുമാർ എം.എം ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | അടക്കനാട്ട്(H),<br>കോളേരി പി.ഒ ,കേണിച്ചിറ – 673596 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93<br>1993-94 | എൽ.എഫ്.ഡബ്ല്യൂ.ഇ2.181/2009 തീയതി.3.3.09 |
| 1994-95 | എൽ.എഫ്.ഡബ്ല്യൂ.പി1.633/2008 തീയതി.20.3.09 |
| 1995-96 | എൽ.എഫ്.ഡബ്ല്യൂ.പി 2.724/2008 തീയതി.15.4.09 |
| 1996-97 | എൽ.എഫ്.ഡബ്ല്യൂ.ഇ2.204/2009 തീയതി.24.1.09 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ.ഇ4.278/2013 തീയതി 20/05/2013 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ.ഇ4.278/2013 തീയതി.16.5.13 |
| 1999-00 | എൽ.എഫ്.ഡബ്ല്യൂ.ഇ4.303/2013 തീയതി.8.7.13 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.ഇ4.302/2013 തീയതി.8.7.13 |
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.ഇ4.604/2013/25.8.14 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ.പി7-.463/2007 തീയതി.18.11.08 |
| 2003-04 | എൽ.എഫ്.ഡബ്ല്യൂ.ഇ2.759/2009 തീയതി.15.1.10 |
| 2004-05 | എൽ.എഫ്.ഡബ്ല്യൂ.ഇ2.562/2009 തീയതി.2.1.10 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഡബ്ല്യൂ.ഇ2.562/2009 തീയതി.11.2.10 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ.ഇ4.473/2013 തീയതി.24.7.13 |
| 2007-08 | എൽ.എഫ്.ഡബ്ല്യൂ.ഇ2.859/2012 തീയതി.21.11.12 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ.ഇ2.97/2010 തീയതി.2.2.12 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ.ഇ2.858/2012 തീയതി.21.1.13 |
| 2010-11 | എൽ.എഫ്.ഡബ്ല്യൂ.ഇ2.932/2009 തീയതി.12.5.13 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ.ഇ4.1036/2014 തീയതി.24.3.15 |
| 2012-13 | എൽ.എഫ്.ഡബ്ല്യൂ.എം1-21/2015 തീയതി.3.5.16 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.1.866/15/23.8.16 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.1.426/16/03/12/2019 |
| 2015 -16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.2-70/1 തിയ്യതി 7.02.2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം2 622/17തീയതി 10.05.2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഡി1-623/20 തീയതി 25.03.2022 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.3 1041/19 തിയ്യതി 3.2.20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്